**I. ഇ.ബി. XII-കേരള നിയമസഭ/XIV-14**

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 മാർച്ച് 17, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

എൽ.എൽ.ബി ഫൈനൽ ഇയർ പരീക്ഷയുടെ
മാർക്ക് തിരുത്തിയ സംഭവം

മി. സ്പീക്കർ: കേരള സർവ്വകലാശാലയുടെ എൽ.എൽ.ബി ഫൈനൽ ഇയർ പരീക്ഷയുടെ പബ്ലിക് ഇന്റർനാഷണൽ ലാ ആന്റ് ഹ്യൂമൻ റൈറ്റ്സ് എന്ന വിഷയത്തിൽ തോറ്റ വിദ്യാർത്ഥികളെ മാർക്ക് തിരുത്തി ജയിപ്പിക്കാനുള്ള നീക്കത്തെത്തുടർന്ന് വിദ്യാർത്ഥികൾക്കും പൊതുസമൂഹത്തിനും ഉണ്ടായതായി പറയപ്പെടുന്ന ആശങ്കാജനകമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി.സി. വിഷ്ണുനാഥ്, ജോസഫ് എം. പുതുശ്ശേരി, കെ. കുട്ടി അഹമ്മദ് കുട്ടി, കെ.കെ. ഷാജു, കെ.ബി. ഗണേഷ്കുമാർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): കേരള സർവ്വകലാശാലയുടെ എൽ.എൽ.ബി ഫൈനൽ ഇയർ പരീക്ഷയുമായി ബന്ധപ്പെട്ട് മാർക്ക് തിരുത്തിയ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ സർവ്വകലാശാലയോട് റിപ്പോർട്ട് ആവശ്യപ്പെടുകയും വൈസ് ചാൻസലർ നൽകിയ റിപ്പോർട്ടനുസരിച്ച് കേരളസർവ്വകലാശാലയുടെ ജനുവരി 2010-ലെ എൽ.എൽ.ബി ഫൈനൽ ഇയർ പരീക്ഷയുടെ പബ്ലിക് ഇന്റർനാഷണൽ ലാ ആന്റ് ഹ്യൂമൻ റൈറ്റ്സ് പരീക്ഷാ പേപ്പറിലെ മാർക്ക് തിരുത്തിയതായി വെളിവായിട്ടുണ്ട്. ഇതു സംബന്ധിച്ച് കേരള സർവ്വകലാശാലയുടെ പരീക്ഷ കൺട്രോളർ 6-3-2010-ന് വൈസ് ചാൻസലർക്ക് നൽകിയ റിപ്പോർട്ടിൽ കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കൗണ്ടർ ഫോയിലിൽ രേഖപ്പെടുത്തിയ മാർക്കിൽ കൃത്രിമം നടന്നതായി അറിയിച്ചിരുന്നു. രണ്ട് വിദ്യാർത്ഥികളുടെ മാർക്കിലാണ് ഈ തിരുത്തൽ നടന്നതായി കണ്ടത്. കൺട്രോളറുടെ ഉത്തരവനുസരിച്ച് കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഈ വിദ്യാർത്ഥികളുടെ മാർക്ക് ഷീറ്റും ഉത്തര ക്കടലാസും പരിശോധിച്ചതിൽ സർവ്വകലാശാലയിലെ ടാബുലേഷൻ സെക്ഷനിൽ എത്തിയതിന് ശേഷം കൗണ്ടർഫോയിലിലെ മാർക്കിൽ അനധികൃതമായി തിരുത്തൽ നടന്നതായി ബോദ്ധ്യപ്പെട്ടു. പരീക്ഷ കൺട്രോളർ സമർപ്പിച്ച റിപ്പോർട്ടിന്റെ വെളിച്ചത്തിൽ വൈസ്ചാൻസലർ ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്താൻ പരീക്ഷ വിഭാഗം ഡെപ്യൂട്ടി രജിസ്ട്രാറെ ചുമതലപ്പെടുത്തുകയും ഡെപ്യൂട്ടി രജിസ്ട്രാർ 12-3-2010-ന് റിപ്പോർട്ട് നൽകുകയും ചെയ്തു. കുറ്റം അതീവ ഗുരുതരമാണെന്നും അവഗണിക്കാനാകാത്തതാണെന്നും പരീക്ഷ നടത്തിപ്പിൽ

സർവ്വകലാശാലയുടെ വിശ്വാസ്യതയെ ബാധിക്കുന്നതാണെന്നും കണ്ടെത്തി. ഒരു ഗ്രാഫോളജിസ്റ്റിന്റെ സഹായത്തോടെ വിശദമായ അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തി കർശനമായ നടപടിയെടുക്കുമെന്ന് വൈസ് ചാൻസലർ ഉറപ്പ് നൽകിയിട്ടുണ്ട്. കൃത്രിമം നടത്തിയ ആളെ കണ്ടെത്താനായി ബന്ധപ്പെട്ട രേഖകൾ ഫോറൻസിക് ലാബിലേയ്ക്ക് പരിശോധനയ്ക്കയക്കാൻ 16-3-2010-ന് ഉത്തരവ് നൽകിയിട്ടുണ്ട്. ടാബുലേഷൻ സെക്ഷനുകളിൽ രഹസ്യ സ്വഭാവമുള്ള രേഖകളും കടലാസ്സുകളും സുരക്ഷിതമായി സൂക്ഷിക്കാൻ ഇന്നത്തെ സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി ശക്ത മായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. പി.സി. വിഷ്ണുനാഥ്:</u> കേരള യൂണിവേഴ്സിറ്റിയുടെ എൽ.എൽ.ബി ഫൈനൽ ഇയർ പബ്ലിക് ഇന്റർനാഷണൽ ലാ ആന്റ് ഹ്യൂമൻ റൈറ്റ്സ് പേപ്പറിന്റെ കേന്ദ്രീകൃത മൂല്യനിർണ്ണയം കഴിഞ്ഞ് സർവ്വകലാശാലയുടെ സി.വി സെക്ഷനിൽ നിന്നും കൗണ്ടർഫോയിലിൽ മാർക്ക് രേഖപ്പെടുത്തി ടാബുലേഷൻ സെക്ഷനിൽ എത്തിയപ്പോൾ ഒരു വിദ്യാർത്ഥിയുടെ മാർക്ക് തിരുത്തിയിരിക്കുന്നതായി സെക്ഷൻ ഓഫീസറുടെ ശ്രദ്ധയിൽപ്പെടുകയും പരീക്ഷ കൺട്രോളറുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ പരീക്ഷ കൺട്രോളർ കേന്ദ്രീകൃത മൂല്യനിർണ്ണയ കേന്ദ്രത്തിൽ നിന്നും ഉത്തരക്കടലാസ് വരുത്തി പരിശോധിക്കുകയും മാർക്ക് തിരുത്തിയതായി മനസ്സിലാക്കുകയും ചെയ്തു. ടാബുലേഷൻ സെക്ഷനിൽ എത്തിയതിന്റെ അന്ന് വൈകുന്നേരം 4 മണിക്കും അടുത്ത ദിവസം രാവിലെ 11 മണിക്കും

ഇടയിലാണ് മാർക്ക് തിരുത്തൽ ഉണ്ടായിരിക്കുന്നത്. ഒരു സെക്ഷൻ ഓഫീസറും അസിസ്റ്റന്റും കൂടി വന്നാലെ താക്കോൽ കൊടുക്കാൻ പാടുള്ളു എന്ന സർവ്വകലാശാല നിയമമുള്ളപ്പോൾ അസിസ്റ്റന്റ് 9.00 മണിക്ക് താക്കോൽ വാങ്ങിയതായി സെക്യൂരിറ്റി രജിസ്റ്ററിൽ പേരെഴുതി ഒപ്പിട്ടിട്ടുണ്ട്. കൂടുതൽ കേസുകളിൽ ഇത് നടക്കാൻ സാദ്ധ്യതയുണ്ടെന്നുള്ളതുകൊണ്ട് പുറത്തു നിന്നുള്ള ഒരു ഏജൻസിയെക്കൊണ്ട് ഇത് അന്വേഷിപ്പിക്കണമെന്നാണ് പരീക്ഷ വിഭാഗത്തിന്റെ ഡെപ്യൂട്ടി രജിസ്ട്രാറുടെ അന്വേഷണ റിപ്പോർട്ട്. തട്ടിപ്പ് കണ്ടെത്തിയ സെക്ഷൻ ഓഫീസറെ സ്ഥലംമാറ്റിയ നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചത്. ഈ വിഷയം സംബന്ധിച്ച് വൈസ് ചാൻസലറും ഡെപ്യൂട്ടി രജിസ്ട്രാറും 12-3-2010-ന് റിപ്പോർട്ട് കൊടുത്തുവെങ്കിലും അടിയന്തിര പ്രമേയം കൊണ്ടുവരുന്നതുവരെ ഒരു നടപടിയും ഗവൺമെന്റ് സ്വീകരിച്ചില്ല. കേരള സർവ്വകലാശാലയുടെ വിശ്വാസ്യത നഷ്ടപ്പെടുന്ന പ്രശ്നത്തിൽ കർശന നടപടി സ്വീകരിക്കുകയും അന്വേഷണം നടത്താൻ തയ്യാറാകുകയും ചെയ്യണം. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഇത് ഗൗരവതരമായ വിഷയമാണെന്നുള്ളതിനോട് പൂർണ്ണമായും യോജിക്കുന്നു. പരീക്ഷകൾ ബാഹ്യ ഇടപെടലുകൾ ഇല്ലാതെ സത്യസന്ധമായി നടക്കേണ്ടതാണ്. ഇതിനുമുമ്പും ഇതുപോലുള്ള ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇപ്പോഴുണ്ടായിട്ടുള്ള മാർക്ക് തിരുത്തലിനെതിരെ യൂണിവേഴ്സിറ്റി സ്വീകരിച്ചിട്ടുള്ള നടപടികളിൽ അപര്യാപ്തതയുണ്ടാകുന്ന ഘട്ടത്തിൽ ഗവൺമെന്റ് എന്ത് ചെയ്യണം എന്നുള്ളത് ആലോചിക്കുന്നതാണ്. ഈ സാഹ

ചര്യത്തിൽ ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. ഉമ്മൻ ചാണ്ടി, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരുകയും ചെയ്തു)

**ശ്രദ്ധ ക്ഷണിക്കൽ**

(1) <u>അന്തർസംസ്ഥാന റോഡുകളിലെ രാത്രികാല ഗതാഗതം</u>

<u>ശ്രീ. പി. കൃഷ്ണപ്രസാദ്</u>: കർണ്ണാടകത്തിലൂടെ കടന്നുപോകുന്ന കേരള, കർണ്ണാടക, തമിഴ്നാട് സംസ്ഥാനങ്ങളെ ബന്ധിപ്പിക്കുന്ന അന്തർസംസ്ഥാന പാതകളിലും ദേശീയപാതകളിലുമുള്ള വനമേഖലയിൽ കർണ്ണാടകത്തിലെ ജില്ലാ കളക്ടർ രാത്രികാലഗതാഗതം നിരോധിച്ചതു മൂലം സാധാരണ ജനങ്ങളുടെ യാത്രാവകാശവും ചരക്ക് നീക്കവും നിഷേധിക്കപ്പെട്ടിരിക്കുകയാണ്. മൂന്നൂറിലേറെ വർഷങ്ങളായി ജനങ്ങൾ യാത്രയ്ക്കും ചരക്ക് നീക്കത്തിനും ഉപയോഗിക്കുന്ന ഈ പാതകളിലെ രാത്രിയാത്രാ നിരോധനം മൂലം മൂന്നു സംസ്ഥാനങ്ങളിലെ പതിനായിരക്കണക്കിന് ജനങ്ങൾ സാമ്പത്തിക നഷ്ടവും സമയനഷ്ടവുമുൾപ്പെടെ ദുരിതമനുഭവിക്കുന്നു. വനമേഖലയിലെ വാഹനാപകടങ്ങളിൽ മൃഗങ്ങൾ വ്യാപകമായി കൊല്ലപ്പെടുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് നിരോധനമേർപ്പെടുത്തിയിരിക്കുന്നത്. മൃഗങ്ങളെ സംരക്ഷിക്കാൻവേണ്ടി വാഹനങ്ങളുടെ വേഗത

നിയന്ത്രിക്കാനും കോൺവോയി സംവിധാനം ഏർപ്പെടുത്താനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചുവെങ്കിലും ഹൈക്കോടതി ഈ നിർദ്ദേശങ്ങൾ തള്ളിക്കളഞ്ഞുകൊണ്ടാണ് നിരോധനം ഏർപ്പെടുത്തിയത്. ഹൈക്കോടതി അംഗീകരിച്ച ബദൽ പാതയും രാജീവ്ഗാന്ധി ദേശീയ കടുവാസങ്കേതത്തിലൂടെയും വയനാട് വന്യമൃഗ സങ്കേതത്തിലൂടെയുമാണ് കടന്നുപോകുന്നത്. ദേശീയ പാതകൾ കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നതായതിനാൽ ഗതാഗത നിരോധനം പിൻവലിക്കണമെന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയോടും ആവശ്യപ്പെട്ടിരുന്നെങ്കിലും അനുകൂലമായ മറുപടി ലഭ്യമായില്ല. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് വ്യക്തമാക്കാൻ സംസ്ഥാന സർക്കാർ ആവശ്യപ്പെടണം. മതിയായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി മൃഗങ്ങളെ സംരക്ഷിച്ചുകൊണ്ട് രാത്രികാലഗതാഗതം പുന:സ്ഥാപിക്കണമെന്നും മൂന്നു സംസ്ഥാനങ്ങളിലേയും ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരമുണ്ടാക്കണമെന്നും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാൻ കേരളത്തിൽനിന്ന് ഒരു സർവ്വകക്ഷി സംഘത്തെ അയയ്ക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ)</u> : കർണ്ണാടക സംസ്ഥാനത്തിലൂടെ കടന്നുപോകുന്ന ദേശീയ പാത 212, 67 എന്നിവയിലൂടെയുള്ള രാത്രികാല ഗതാഗതം ബന്ദിപ്പൂർ വനമേഖലയിൽ നിരോധിക്കുന്നതായി 2009 ജൂൺ 3-ന് രാമരാജനഗർ ജില്ലാകളക്ടർ ഉത്തരവിറക്കിയെങ്കിലും കർണ്ണാടക മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം പ്രസ്തുത ഉത്തരവ് ജില്ലാകളക്ടർ ജൂൺ 10-ന് പിൻവലിച്ചു. അതിനെതിരെ കർണ്ണാടക ഹൈക്കോടതിയിൽ പൊതുതാൽപ്പര്യ ഹർജി സമർപ്പിച്ചതിനെത്തുടർന്ന് രാത്രികാല ഗതാഗത നിയന്ത്രണം പിൻവലിച്ച ജില്ലാ കളക്ടറുടെ ഉത്തരവ് കർണ്ണാടക

ഹൈക്കോതി സ്റ്റേ ചെയ്തു. വനമേഖലയിലൂടെയുള്ള രാത്രികാല ഗതാഗത നിയന്ത്രണം സാധാരണക്കാരുടെ യാത്രാവകാശത്തെയും ചരക്ക് നീക്കത്തെയും ഗുരുതരമായി ബാധിച്ചിട്ടുണ്ട്. മൂന്നൂറു വർഷത്തിലേറെ യായി ജനങ്ങൾ ഉപയോഗിച്ചുവരുന്ന ഗതാഗത മാർഗ്ഗം തടസ്സപ്പെട്ടിരിക്കു ന്നതുമൂലമുള്ള പ്രതിസന്ധി പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്ക ണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കർണ്ണാടക മുഖ്യമന്ത്രിക്ക് കത്ത് അയയ്ക്കു കയും കർണ്ണാടക ഹൈക്കോടതിയിലെ കേസ്സിൽ സംസ്ഥാന സർക്കാരും കെ.എസ്.ആർ.ടി.സി.യും കക്ഷി ചേരുകയും കോടതി പുറപ്പെടുവിച്ച ഉത്തരവ് പുന:പരിശോധിക്കാൻ പെറ്റീഷൻ ഫയൽ ചെയ്തതിനു പുറമെ കർണ്ണാടക മുഖ്യമന്ത്രിയെ കാണാൻ മന്ത്രിമാരുടെ നേതൃത്വത്തിൽ ഒരു സർവ്വകക്ഷി സംഘത്തെ അയയ്ക്കുകയും ചെയ്തു. എന്നാൽ കർണ്ണാടക ഹൈക്കോടതി പ്രസ്തുത സ്റ്റേ നീക്കം ചെയ്തില്ലെന്ന് മാത്രമല്ല രാത്രികാല ഗതാഗത നിയന്ത്രണത്തെ ശരിവയ്ക്കുന്ന വിധിന്യായം പുറപ്പെടുവിക്കുകയും രാത്രികാല ഗതാഗതത്തിനായി മറ്റൊരു പാത അനുയോജ്യമാക്കാൻ ഉത്തരവി ടുകയും ചെയ്തു. കർണ്ണാടക സംസ്ഥാനത്തിലൂടെ കടന്നുപോകുന്ന ദേശീയ പാതയിലൂടെയുള്ള രാത്രികാല ഗതാഗതം പുന:സ്ഥാപിക്കാൻ കേന്ദ്ര സർക്കാരാണ് മുൻകയ്യെടുക്കേണ്ടത്. ഈ കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് കേന്ദ്ര ഉപരിതല ഗതാ ഗത വകുപ്പുമന്ത്രിക്ക് കേരള സർക്കാർ അയച്ചിരുന്നു. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഇടപെടലിനായി ഒരു സർവ്വകക്ഷി സംഘത്തെ കേന്ദ്രത്തി ലേയ്ക്ക് അയയ്ക്കാനും രാത്രികാല ഗതാഗതം പുന:സ്ഥാപിക്കാൻ സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യാനും മന്ത്രിസഭാ യോഗം തീരുമാനിച്ചി ട്ടുണ്ട്. ഇതുസംബന്ധിച്ച് ആലോചിക്കാൻ ഒരു സർവ്വകക്ഷി യോഗം ഉടൻ

വിളിച്ചുചേർക്കുന്നതാണ്. സാധാരണക്കാരുടെ യാത്രാവകാശം സംരക്ഷിക്കാനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിക്കുന്നതാണ്.

(2) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ

ശ്രീ. വി. കെ. ഇബ്രാംഹിം കുഞ്ഞ്: കേരളത്തിൽ ശുദ്ധജലക്ഷാമം രൂക്ഷമായിരിക്കുകയാണ്. മാധ്യങ്ങളുടെ പ്രധാന വാർത്തയും ഇതുതന്നെയാണ്. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളെപോലും ശുദ്ധജലക്ഷാമം പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. എറണാകുളം ജില്ലയിലെ പല ഭാഗത്തും ഒരു മണിക്കൂർ മാത്രമാണ് വെള്ളം കിട്ടിക്കൊണ്ടിരിക്കുന്നത്. തീരപ്രദേശങ്ങളിൽ താമസിക്കുന്നവരുടെ സ്ഥിതി വളരെ ദയനീയമാണ്. കുടിവെള്ളം ലഭിക്കുന്നതിന് പാലക്കാടും കോഴിക്കോടും ജില്ലകളിലെ ജനങ്ങൾ സമരവും ഉപവാസവുമൊക്കെ നടത്തിക്കൊണ്ടിരിക്കുകയാണ്. ആശുപത്രികളിൽ രോഗികൾക്ക് ആവശ്യമായ വെള്ളം ലഭിക്കുന്നില്ല. ജലവിതരണ സംവിധാനത്തിലെ അപര്യാപ്തതകളാണ് പല ജില്ലകളിലും കുടിവെള്ളം കിട്ടാതിരിക്കാനുള്ള കാരണം. പെരിയാറിലെ സ്രോതസ്സ് ഉപയോഗിച്ചാണ് കൊച്ചി പോലുള്ള വൻ നഗരങ്ങളിൽ ജലവിതരണം നടത്തുന്നത്. അമിതമായ മണലെടുപ്പും മണലൂറ്റും കാരണം നദികൾ വറ്റിവരളുകയാണ്. മഴവെള്ളം സംഭരിക്കാനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടിരിക്കുകയാണ്. പല പദ്ധതികൾ വഴി നൽകുന്ന കുടിവെള്ളം ശുദ്ധമല്ല. കൊച്ചിയിൽ 140 ദശലക്ഷം ലിറ്റർ വെള്ളം വിതരണം ചെയ്യുമ്പോൾ പടിഞ്ഞാറൻ കൊച്ചിയിലെ ജനങ്ങൾക്ക് വെറും 20 ദശലക്ഷം ലിറ്റർ വെള്ളമാണ് കിട്ടുന്നത്. കിണർ കുഴിച്ചുപോലും ഇവിടെ വെള്ളമെടുക്കാൻ പറ്റാത്ത സ്ഥിതിയാണ്. ദീർഘവീക്ഷണത്തോടുകൂടി പദ്ധതികൾ നടപ്പിലാക്കാൻ ഗവൺമെന്റ്

തയ്യാറാകുന്നില്ല. കൊച്ചിയിൽ സ്മാർട്ട് സിറ്റിയും എൽ.എൻ.ജി ടെർമിനലു മൊക്കെ വരുമ്പോൾ വൻതോതിൽ ശുദ്ധജലം വേണ്ടിവരും. മുടങ്ങിക്കിട ക്കുന്ന ഡി.എഫ്.ഐ.ഡി. പദ്ധതി പുനഃസ്ഥാപിക്കണം. യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈ സ്കീം മുടങ്ങി കിടക്കുകയാണ്. ജലയുദ്ധം ഉണ്ടാകുമെന്നുള്ള പ്രവചനം യാഥാർത്ഥ്യമായി ത്തീർന്നിരിക്കുകയാണ്. അത് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരി ക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): ജലസംരക്ഷ ണത്തിന് മാധ്യമങ്ങളുമായി സഹകരിച്ചുകൊണ്ട് സർക്കാർ ജലസുരക്ഷാപദ്ധ തിക്ക് രൂപം കൊടുത്തിട്ടുണ്ട്. ജനപങ്കാളിത്തത്തോടും ജനകീയ സഹകരണ ത്തോടും കൂടി മാത്രമേ ജലസുരക്ഷ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഇതുസംബന്ധിച്ച് ഒരു പ്രത്യേകമായ ചർച്ചയ്ക്കും സർക്കാർ തയ്യാറാണ്. ടാപ്പ് വാട്ടറിലൂടെ കേരളത്തിന്റെ ശുദ്ധജല ക്ഷാമം പരിഹരിക്കാൻ കഴിയില്ല. ജലസംരക്ഷണ പ്രവർത്തനങ്ങളിൽ വേണ്ടത്ര അവബോധവും നടപടികളും ഉണ്ടാക്കാൻ തദ്ദേശഭരണ സ്ഥാപന ങ്ങളുടെ സഹകരണത്തോടെ ജലസുരക്ഷ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ സഹകരണം ഇക്കാര്യത്തിൽ ആവശ്യമാണ്. കൊച്ചി നഗരത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ദീർഘവീക്ഷണ ത്തോടുകൂടിയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇപ്പോൾ കൊച്ചി കോർപ്പറേഷനും വാട്ടർ അതോറിറ്റിയും സഹകരിച്ചുകൊണ്ട് കേന്ദ്രഗവ ണ്മെന്റിന്റെ സഹായത്തോടുകൂടി ‘ജൻറം’ പദ്ധതിയുടെ നിർമ്മാണ പ്രക്രിയ ആരംഭിച്ചിട്ടുണ്ട്. കൊച്ചിയിൽ മുടങ്ങിക്കിടന്ന ഡി.എഫ്.ഐ.ഡി.

സ്കീം പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വ്യവസായ വകുപ്പും ജലവിഭവ വകുപ്പും കൂടി ചേർന്നുകൊണ്ട് പൊതുമേഖലയിൽ ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈ സ്കീം ആരംഭിക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്. കൊച്ചി നഗരത്തിൽ കേരള വാട്ടർ അതോറിറ്റിയും കെ.എസ്.ഐ.ഡി.സി.യും സംയുക്തമായി പൊതുമേഖലയിൽ വ്യാവസായികാടിസ്ഥാനത്തിൽ ജലവിതരണ പദ്ധതി ആവിഷ്ക്കരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. തീരദേശമേഖലയിൽ ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുന്നതിന് 15 കോടി രൂപ വാട്ടർ അതോറിറ്റിക്കും 10 കോടി രൂപ റവന്യൂ വകുപ്പിനും അനുവദിച്ചിട്ടുണ്ട്. ഇനിയും കൂടുതൽ തുക ഇതിന് ആവശ്യമാണെങ്കിൽ സാഹചര്യം അനുസരിച്ച് നൽകാൻ സർക്കാർ സന്നദ്ധമാണ്.

**സബ്മിഷൻ**

(1) <u>വിമുക്ത ഭടന്മാർക്ക് സി.ഡി.എസ്. കാന്റീൻ ആനുകൂല്യങ്ങൾ</u>

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> സി.ഡി.എസ്. കാന്റീൻ വഴി വിമുക്ത ഭടന്മാർക്ക് മോട്ടോർ വാഹനങ്ങൾക്കടക്കം നൽകിയിരുന്ന പല ആനുകൂല്യങ്ങളും നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അവ പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):</u> കേരള മൂല്യവർദ്ധിത നികുതി നിയമം സെക്ഷൻ-6 പ്രകാരം ക്യാന്റീൻ സ്റ്റോഴ്സ് ഡിപ്പാർട്ടുമെന്റിന്റെ വിൽപ്പനയ്ക്കും വാങ്ങലിനും സാധാരണ നികുതി നിരക്കിന്റെ പകുതിയാണ് ബാധകമാക്കിയിട്ടുള്ളത്. വിമുക്തഭടന്മാർക്കും ജവാൻമാർക്കും ബന്ധപ്പെട്ട കാന്റീനുകളിൽനിന്ന് വാങ്ങുകയാണെങ്കിൽ മാത്രമേ ഈ ആനു

കൂല്യം ലഭിക്കുകയുള്ളൂ. പക്ഷേ ഈ കാന്റീനുകളിൽ വാഹനവിൽപ്പന നടത്തുന്നില്ല. അതിനാൽ ഈ നികുതി ആനുകൂല്യത്തിന്റെ പ്രയോജനം വാഹനങ്ങളുടെ കാര്യത്തിൽ ഇവർക്ക് ലഭിക്കുന്നില്ല. ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ ഈ വാഹന ആനുകൂല്യം ലഭ്യമാക്കുന്ന നടപടി സ്വീകരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അതിനനുസരിച്ച് വേണ്ട നിയമഭേദഗതി വരുത്തുന്ന മുറയ്ക്ക് പ്രശ്നം പരിഹരിക്കപ്പെടുന്നതാണ്.

(2) കൃഷിസ്ഥലം ഏറ്റെടുത്ത നടപടി

ശ്രീ. ജോർജ് മേഴ്സിയർ: രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജിയുടെ വികസനത്തിനുവേണ്ടി കല്ലിയൂർ വില്ലേജിലെ പണ്ടാര ക്കരി പാടശേഖരം ഏറ്റെടുക്കാനുള്ള നീക്കത്തിൽനിന്നും സർക്കാർ പിന്മാറണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): തിരുവനന്തപുരം താലൂക്കിൽ കല്ലിയൂർ വില്ലേജിൽ 40 ഏക്കർ 41 സെന്റ് സ്ഥലം രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജിയുടെ വികസനത്തിനുവേണ്ടി ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലൂടെ ഭൂമി ഏറ്റെടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ അന്വേഷണത്തിൽ പ്രസ്തുത സ്ഥലം ഏറ്റെടുക്കാൻ യാതൊരു എതിർപ്പുമില്ലായിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം തരിശുഭൂമിയല്ല കൃഷി ഭൂമിയാണെന്ന് കാണിച്ച് ഏതാനും പേർ പരാതി തന്നിട്ടുണ്ട്. പരാതി പരിശോധിച്ച് അനുയോജ്യമായ തീരുമാനം എടുക്കുന്നതാണ്. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി സെന്ററിന്റെ വികസനത്തിനാവശ്യമായ സഹായസഹകരണം നൽകാൻ സർക്കാർ ബാദ്ധ്യസ്ഥ

മാണ്. ഇതുകൂടി പരിഗണിച്ചായിരിക്കും സ്ഥലമെടുപ്പിനെതിരെ വന്നിട്ടുള്ള പരാതിയിന്മേൽ സർക്കാർ തീരുമാനമെടുക്കുന്നത്.

(3) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നവീകരണം.

ശ്രീ. സാജു പോൾ: സംസ്ഥാനത്ത് അനുഭവപ്പെടുന്ന ജലക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി സ്വാഭാവിക ജലസംഭരണികൾ, ജലസ്രോതസ്സുകൾ തുടങ്ങിയവ സംരക്ഷിക്കാനും ശാസ്ത്രീയമായ ജലവിതരണ സംവിധാനം ഏർപ്പെടുത്താനുമുള്ള നടപടി സ്വീകരിക്കണം. മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നവീകരിക്കാനും ത്രിതല പഞ്ചായത്തുകളുടെ കീഴിൽ പൂർത്തിയാകാതെ കിടക്കുന്ന പദ്ധതികൾ പൂർത്തിയാക്കാനും വേണ്ട നടപടികൾ സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സംസ്ഥാനത്ത് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ നേരിട്ടും പാടശേഖരസമിതികൾ വഴിയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന 123 പദ്ധതികൾ ആരംഭിച്ചിരുന്നുവെങ്കിലും പലതും പൂർത്തീകരിച്ചിട്ടില്ല; പൂർത്തിയായ പദ്ധതികളിൽ ചിലത് ഇപ്പോൾ പ്രവർത്തനക്ഷമവുമല്ല. എല്ലാ പദ്ധതികളുടെയും നിലവിലുള്ള അവസ്ഥ സംബന്ധിച്ച വിവരം അടിയന്തിരമായി ശേഖരിക്കുന്നുണ്ട്. ഇവ ലഭിക്കുന്ന മുറയ്ക്ക് പദ്ധതികളുടെ സ്ഥിതി പരിശോധിച്ചുകൊണ്ട് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(4) വയലുകൾ വിജ്ഞാപനം ചെയ്യാൻ നടപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സംസ്ഥാനത്ത് നെൽവയൽ നികത്തുന്നതിനെതിരെയുള്ള നിയമം നിലവിലുണ്ടെങ്കിലും ആ നിയമപ്രകാരം പ്രാദേശിക നിരീക്ഷണ സമിതികൾ രൂപീകരിച്ച് വയലുകൾ വിജ്ഞാപനം ചെയ്യാത്തതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി പ്രാദേശിക സമിതികൾ രൂപീകരിക്കാനും വയലുകൾ നോട്ടിഫൈ ചെയ്യാനും അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെയും ചട്ടങ്ങളുടെയും നടത്തിപ്പ് കൃഷി വകുപ്പിനാണ്. സംസ്ഥാനത്ത് പ്രാദേശിക നിരീഷണ സമിതികൾ രൂപീകൃതമായിട്ടുള്ളതും ആയതിൽ എറണാകുളം ജില്ലയിലൊഴികെയുള്ള പ്രാദേശിക നിരീക്ഷണ സമിതികൾ ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിന് നടപടികളായിട്ടുമുണ്ട്. പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിക്കുന്നമുറയ്ക്ക് ഇക്കാര്യത്തിൽ ശാശ്വതമായ പരിഹാരം ഉണ്ടാകുന്നതാണ്. 6 ജില്ലകളിൽ ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. നെൽവയലുകളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് നേരത്തെ നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള നെൽവയലുകൾ, തണ്ണീർത്തടങ്ങൾ എന്നിവ സംബന്ധിച്ചുള്ള ഡാറ്റാ ബാങ്കുകൾ തയ്യാറാക്കുന്ന ജോലി അന്തിമ ഘട്ടത്തിലാണ്. കമ്മിറ്റികളുടെ രൂപീകരണത്തിനും ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിലും കുറച്ച് കാലതാമസം വന്നിട്ടുണ്ട്. നിലങ്ങൾ നികത്തുന്നതുമായി ബന്ധപ്പെട്ട കേസ്സിൽ തൃശ്ശൂർ, തിരുവല്ല എന്നിവിടങ്ങളിലെ ആർ.ഡി.ഒ മാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. നിയമം നിലവിൽ വന്നശേഷം നികത്തിയ നെൽപ്പാടങ്ങൾ പൂർവ്വ സ്ഥിതിയി

ലാക്കാനും നിയമപരമായ ശിക്ഷാനടപടികൾ ഉൾപ്പെടെ സ്വീകരിക്കാനും താഴെ തട്ടിലേയ്ക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(5) സാമുദായിക കലാപം സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. വി. കുഞ്ഞിരാമൻ: കാസർഗോഡ് ജില്ലയിൽ സാമുദായിക സംഘർഷം സൃഷ്ടിക്കുന്നതിനും ആഘോഷവേളകളിൽ ബൈക്ക് റാലികൾ നടത്തിയും വർഗ്ഗീയ സംഘർഷങ്ങൾ നടത്തിയും ആസൂത്രിതമായി സാമുദായിക പ്രശ്നങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്ന ശക്തികളെ തിരിച്ചറിഞ്ഞ് അതിനെതിരായി ശക്തമായ നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കാസർഗോഡ് ജില്ലയിൽ സാമുദായിക ചേരിതിരിവ് സൃഷ്ടിക്കുന്ന കേസ്സുകളിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥർ ഇടപെട്ട് ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. 2009-ൽ സാമുദായിക ചേരിതിരിവ് സൃഷ്ടിക്കാൻ ശ്രമിച്ച 59 കേസ്സുകളിൽ 224 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 2010-ൽ ഇതുവരെ 4 കേസ് രജിസ്റ്റർ ചെയ്തതിൽ 13 പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി. 62 ആളുകളുടെ പേരിൽ മുൻകരുതൽ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ വിവിധ മത സാമുദായിക രാഷ്ട്രീയ പ്രവർത്തകരുടെ യോഗം ചേർന്ന് പ്രശ്നങ്ങൾ കൂടുതൽ വഷളാകാതെ പരിഹരിക്കാനുള്ള ശ്രമങ്ങൾ നടത്താറുണ്ട്. മോട്ടോർ വാഹന നിയമം ലംഘിച്ച് ബൈക്ക് റാലികളും മറ്റും നടത്തി അസ്വസ്ഥത സൃഷ്ടിക്കാൻ ശ്രമിക്കുന്നവർക്കെതിരെ വാഹന പരിശോധന നടത്തി ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഉത്സവങ്ങളുടെയും മറ്റ് ആഘോഷങ്ങളുടെയും

സമയത്ത് ഇത്തരം സ്ഥലങ്ങളിൽ മതിയായ പോലീസ് സേനയെ വിന്യസിച്ച് പ്രശ്നങ്ങളുണ്ടാകാതെ ശ്രദ്ധിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. സാമുദായിക സംഘർഷം സൃഷ്ടിക്കാനുള്ള ഏത് ശ്രമത്തെയും ശക്തമായ നിയമ നടപടികളിലൂടെ നേരിടുന്നതാണ്. ഇക്കാര്യത്തിൽ ഇന്റലിജൻസ് വിഭാഗത്തെ ശക്തിപ്പെടുത്തിക്കൊണ്ട് ജാഗ്രതാ നടപടികൾ സ്വീകരിക്കുന്നതാണ്.

(6) ലക്ഷംവീടുകളിലെ താമസക്കാർക്ക് കൈവശാവകാശരേഖ

ശ്രീ. അടൂർ പ്രകാശ്: എം.എൻ ലക്ഷംവീടു പദ്ധതിപ്രകാരം ലക്ഷംവീടുകളിൽ താമസിക്കുന്നവർക്ക് കൈവശാവകാശരേഖ നൽകാൻ നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : 12 വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യരുതെന്ന വ്യവസ്ഥകളോടെയാണ് ലക്ഷംവീടുകൾ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ളത്. എം.എൻ ലക്ഷംവീട് നവീകരണ പദ്ധതി ആനുകൂല്യത്തിന് അർഹരായവർക്ക് കൈവശാവകാശരേഖ നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇക്കാര്യത്തിൽ റവന്യു വകുപ്പ് താഴേതലങ്ങളിലേയ്ക്ക് അനന്തര നടപടികൾക്കായി നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. പാവപ്പെട്ട ആളുകൾക്ക് ലഭിക്കുന്ന ആനുകൂല്യം തടസ്സപ്പെടുത്തുന്ന രീതിയിലുള്ള പ്രവർത്തനം റവന്യു വകുപ്പിന്റെ ഏതെങ്കിലും ഭാഗത്തുനിന്നുണ്ടായിട്ടുണ്ടെങ്കിൽ പരിശോധിച്ച് പരിഹാരം കാണുന്നതാണ്.

(7) വടകര മണ്ഡലത്തിൽ മാവേലി സ്റ്റോർ

ശ്രീ. എം.കെ. പ്രേംനാഥ്: നിത്യോപയോഗ സാധനങ്ങളുടെ അമിത വില വർദ്ധനവ് അനുഭവപ്പെടുന്ന സാഹചര്യം പരിഗണിച്ച് വടകര നിയോജക

മണ്ഡലത്തിൽ ചോറോട് ഗ്രാമപഞ്ചായത്തിൽ മലോൽമുക്കിലും ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ കണ്ണൂക്കരയിലും മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സാമൂഹ്യപരമായോ വാണിജ്യപരമായോ ഗുണകരമല്ലാത്ത തിനാൽ ചോറോട് ഗ്രാമ പഞ്ചായത്തിലെ മലോൽമുക്കിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് നിർവാഹമില്ല. എന്നാൽ ഒഞ്ചിയം കണ്ണൂക്കരയിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജീവനക്കാരുടെ ദൗർലഭ്യമാണ് മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് തടസ്സ മായി നിൽക്കുന്നതെന്ന് സപ്ലൈകോ സി.എം.ഡി അറിയിച്ചിട്ടുണ്ട്.

(8) പുതുവൈപ്പ് വില്ലേജ് ഓഫീസ്

ശ്രീ. എം.കെ. പുരുഷോത്തമൻ: ജീർണ്ണാവസ്ഥയിലായ പുതുവൈപ്പ് വില്ലേജ് ഓഫീസ് കെട്ടിടം എത്രയുംവേഗം പുതുക്കിപ്പണിയുന്നതിനാവശ്യ മായ നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഞാറയ്ക്കൽ നിയോജ കമണ്ഡലത്തിലെ പുതുവൈപ്പ് വില്ലേജ് ഓഫീസ് പുതുക്കിപ്പണിയുന്ന തിനാവശ്യമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിക്കാൻ പൊതുമരാ മത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനുള്ള തുകയും വകയിരു ത്തിയിട്ടുണ്ട്.

(9) ദേശീയ പാത വികസിപ്പിക്കുന്നതിനുള്ള നടപടി

ശ്രീ. രാജാജി മാത്യു തോമസ്: ദേശീയ പാത-47 നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഏറ്റെടുത്ത സ്ഥലങ്ങളിൽ നീതിരഹിതമായ വില നിശ്ചയം, പുറമ്പോക്കുകളിൽ കാലാകാലങ്ങളായി താമസിക്കുന്നവരുടെ

പുനരധിവാസം, വാടക കെട്ടിടങ്ങളിൽ കച്ചവടം നടത്തി വരുന്നവരുടെ പുനരധിവാസം, ഭൂമി വിട്ടു നൽകിയവർക്ക് ബദൽ സംവിധാനമുണ്ടാക്കാൻ ന്യായമായ സമയം, ഭൂമി വിട്ടു നൽകിയ ആളുകൾക്ക് അവശേഷിക്കുന്ന ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് ബിൽഡിംഗ് റൂളിൽ ആവശ്യമായ ഇളവുകൾ തുടങ്ങിയ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി റവന്യു, തദ്ദേശസ്വയംഭരണം, പൊതുമരാമത്ത് എന്നീ വകുപ്പുകളുടെ സംയുക്തമായ ഇടപെടൽ നടത്തി പരിഹാരം ഉണ്ടാക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുളള പ്രശ്നങ്ങൾ സർക്കാർ ഗൗരവമായി കാണുകയും ഇത്തരം പരാതികൾ പരിശോധിക്കുന്നതിനായി സമരസമിതി നേതാക്കന്മാർ, ജനപ്രതിനിധികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം വിളിച്ചുചേർക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ദേശീയ പാതയ്ക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ ഫാസ്റ്റ് ട്രാക്ക് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഏറ്റെടുത്ത സ്ഥലങ്ങൾക്ക് മതിയായ നഷ്ടപരിഹാരം നൽകാൻ സാധിക്കുമെന്നാണ് കരുതുന്നത്. എൻ.എച്ച് ആക്ട് പ്രകാരം റോഡ് പുറമ്പോക്കുകളിൽ കാലാകാലങ്ങളായി താമസിക്കുന്ന കുടുംബങ്ങളെ പുനരധിവാസം ചെയ്യാൻ കഴിയില്ല. എങ്കിലും കുടിയൊഴിപ്പിക്കുന്നവരേയും തൊഴിൽ നഷ്ടപ്പെടുന്നവരേയും പുനരധിവസിപ്പിക്കണമെന്ന് സർക്കാർ എൻ.എച്ച്.എ.ഐ-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(10) പുഴയിൽ മുങ്ങിമരിച്ച കുട്ടികളുടെ കുടുംബത്തിന് സാമ്പത്തിക സഹായം

ശ്രീ. സി. ടി. അഹമ്മദ് അലി: കാസർഗോഡ് ജില്ലയിലെ ഊജംപാടി പുഴയിൽ 17.10.2009-ൽ മുങ്ങിമരിച്ച 4 കുട്ടികളുടെ കുടുംബത്തിന് 5 ലക്ഷത്തിൽ കുറയാത്ത തുക സാമ്പത്തിക സഹായം നൽകണം. കൂടാതെ വിവിധ അപകടങ്ങളിൽപ്പെട്ട് മരണമടയുന്നവരുടെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്നതിനുള്ള മാനദണ്ഡത്തിൽ ഏകീകരണമുണ്ടാക്കാനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ഇത്തരം സംഭവങ്ങളുണ്ടാകുമ്പോൾ ജില്ലാ കളക്ടർമാരിൽനിന്നും ലഭ്യമാകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ജനപ്രതിനിധികളുടെ നിർദ്ദേശമനുസരിച്ചും മന്ത്രിസഭാ യോഗത്തിൽ തീരുമാനമെടുത്തുമാണ് സാമ്പത്തിക സഹായം അനുവദിക്കുന്നത്; ഈ കേസിലും അപ്രകാരം തീരുമാനമെടുത്താണ് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് 50000 രൂപ ധനസഹായം കൊടുത്തത്. ഇക്കാര്യത്തിൽ ഗവൺമെന്റ് വിവേചനം കാണിക്കുകയില്ല. ഓരോ സന്ദർഭത്തിന്റേയും ഗുരുതരാവസ്ഥ മനസ്സിലാക്കിയും മുഖ്യമന്ത്രിയുമായി കൂടിയാലോചിച്ചുമാണ് തീരുമാനിക്കുന്നത്. വാഹനാപകടം സംഭവിച്ച കേസിൽ അയ്യപ്പഭക്തൻമാർക്ക് ആവശ്യമായ ചികിത്സയും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തിയിരുന്നു. അവർക്ക് സാമ്പത്തിക സഹായം ലഭിച്ചില്ലെന്ന കാര്യം പ്രത്യേകം പരിശോധിക്കുന്നതും മന്ത്രിസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതുമാണ്.

(11) ഇടക്കൊച്ചി -കണ്ണേങ്കാട് -ഐലന്റ് പാലം

ശ്രീ. സി. എം. ദിനേശ് മണി: കൊച്ചിയിലെ ഗതാഗത കുരുക്കിന് ശാശ്വത പരിഹാരം കാണുന്നതിനായി ഇടക്കൊച്ചി-കണ്ണേങ്കാട്-ഐലന്റ് പാലത്തിന്റെ നിർമ്മാണം "ജൻറം" പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി): "ജൻറം" പദ്ധതിയുടെ ഭാഗമായി കേന്ദ്ര സർക്കാർ അംഗീകരിച്ച അർബൻ ട്രാഫിക് ആന്റ് ട്രാൻസ്പോർട്ടേഷൻ പദ്ധതിയിൽപ്പെടുത്തി പ്രസ്തുത പാലത്തിന്റെ പണി ഏറ്റെടുക്കണമെങ്കിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയ്ക്ക് അനുസൃതമായി പദ്ധതി രേഖ തയ്യാറാക്കി നഗരസഭയുടെ അംഗീകാരത്തോടെ സംസ്ഥാന ഗവൺമെന്റ് മുഖേന കേന്ദ്ര ഗവൺമെന്റിന്റെ അനുമതി വാങ്ങേണ്ടതുണ്ട്. കേന്ദ്ര നഗര വികസന മന്ത്രാലയം പ്രസ്തുത പദ്ധതി രേഖയിലെ അടങ്കൽ തുക അംഗീകരിച്ച് നൽകുന്ന മുറയ്ക്കുമാത്രമേ കേന്ദ്ര ധനകാര്യ മന്ത്രാലയം അനുമതി നൽകുകയുള്ളൂ. ഈ പാലത്തിന്റെ നിർമ്മാണം ജൻറം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കൊച്ചി സിറ്റിക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ള സിറ്റി ഡെവലപ്പമെന്റ് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടാംഘട്ട വികസന പദ്ധതിക്ക് കേന്ദ്രം അംഗീകാരം നൽകുന്ന മുറയ്ക്ക് പാലം പണി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

(12) പോലീസുകാർ തമ്മിൽ ഏറ്റുമുട്ടിയ സംഭവം

ശ്രീ. ജോസഫ് എം. പുതുശ്ശേരി: മല്ലപ്പള്ളി സി.ഐ. ഓഫീസിനു മുമ്പിൽ പോലീസുകാർ പരസ്യമായി ഏറ്റുമുട്ടിയതിനെത്തുടർന്ന് ജനങ്ങൾ

ഇടപെടേണ്ട അവസ്ഥയുണ്ടായി. പോലീസ് സേനയ്ക്കുതന്നെ അപചയമുണ്ടാക്കുന്ന ഈ സംഭവത്തെ ഗൗരവത്തിലെടുത്ത് കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 14-03-2010-ന് ഉച്ചയ്ക്ക് 1.15-ഓടുകൂടി മല്ലപ്പള്ളി സി.ഐ.ഓഫീസിനുമുമ്പിൽവച്ച് അവിടെത്തന്നെ ജോലി ചെയ്യുന്ന ഹെഡ് കോൺസ്റ്റബിളും ഡ്രൈവറും തമ്മിൽ വാക്കേറ്റവും ഉന്തും തള്ളുമുണ്ടായി. പോലീസ് സേനയുടെ സൽപ്പേരിന് കളങ്കം വരുത്തുന്ന പ്രവൃത്തിയായി കണ്ട് രണ്ടുപേരേയും അന്വേഷണ വിധേയമായി സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്യുകയും വകുപ്പുതല അന്വേഷണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

(13) <u>സിനി ആർട്ടിസ്റ്റിന്റെ വീട് ആക്രമിക്കപ്പെട്ട സംഭവം</u>

<u>ശ്രീ. വി. എൻ. വാസവൻ:</u> പ്രശസ്ത സിനി ആർട്ടിസ്റ്റായ ഗിന്നസ് പക്രു വെന്ന അജയകുമാറിന്റെ വീട് ആക്രമിക്കുകയും സഹോദരീഭർത്താവിനെ കയ്യേറ്റം ചെയ്യുകയും ചെയ്ത സംഭവത്തെക്കുറിച്ച് അന്വേഷിച്ച് യഥാർത്ഥ പ്രതികളെ കണ്ടെത്തി ശിക്ഷാനടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: കോട്ടയം ജില്ലയിലെ ഗാന്ധിനഗർ പോലീസ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന നട്ടാശ്ശേരിയിൽ സുപ്രസിദ്ധ സിനി ആർട്ടിസ്റ്റ് ഗിന്നസ് പക്രു പുതുതായി പണിതുകൊണ്ടിരിക്കുന്ന വീടിന്റെ മുൻവശത്തുള്ള താൽക്കാലിക വാതിൽ 10-03-2010-ന് വൈകുന്നേരം നാല് മണിയോടുകൂടി എൻ.പി. ഗോപകുമാർ എന്ന ആളും കൂട്ടുകാരനായ രഘുകുമാറും ചേർന്ന് കുത്തിപൊളിക്കുകയുണ്ടായി. ഗിന്നസ് പക്രുവിന്റെ പരാതി പ്രകാരം

ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഗിന്നസ് പക്രു നട്ടാശ്ശേരിയിലുള്ള വീട്ടിൽ താമസിച്ചുവരവേയാണ് അമ്പലക്കുന്നേലുള്ള പുതിയ വീട് വിലയ്ക്ക് വാങ്ങിയത്. പ്രസ്തുത വീടിന്റെ പണി ചെയ്തിരുന്നത് കോൺട്രാക്ടറായ ഗോപകുമാറാണെന്നും ഇതുസംബന്ധിച്ചുള്ള പ്രശ്നങ്ങളാണ് സംഭവത്തിനുപിന്നിലെന്നുമാണ് റിപ്പോർട്ട്. സംഭവദിസവം ആറ് മണിയോടെ കരാറുകാരനും തമ്പാൻ എന്നയാളും കൂടി ഗിന്നസ് പക്രു താമസിക്കുന്ന വീട്ടിലെത്തുകയും അദ്ദേഹത്തിന്റെ മാതാവിനെ അസഭ്യം പറയുകയും സഹോദരീ ഭർത്താവിനെ കയ്യേറ്റം ചെയ്യുകയുമുണ്ടായി. ഇതുസംബന്ധിച്ച് സ്ഥലം എസ്.ഐ. അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്ത് 11-ാം തീയതി കോടതിയിൽ ഹാജരാക്കുകയും ചെയ്തു. കേസിലെ രണ്ടാം പ്രതി തമ്പാൻ കുമരനെല്ലൂർ മുൻ പഞ്ചായത്ത് പ്രസിഡന്റാണെന്ന റിപ്പോർട്ടും ലഭിച്ചിട്ടുണ്ട്. പ്രസ്തുത സംഭവത്തെ അടിസ്ഥാനപ്പെടുത്തി ബാക്കിയുള്ള പ്രതികളെ കൂടി അറസ്റ്റ് ചെയ്യാനും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുന്നതാണ്.

(14) <u>ശക്തമായ കാറ്റിലും മഴയിലുമുണ്ടായ നാശനഷ്ടം</u>

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. തോമസ് ഉണ്ണിയാടനും നോട്ടീസ് നൽകിയിട്ടുണ്ട്.)

<u>ശ്രീ. എ. കെ. ചന്ദ്രൻ :</u> 16-03-2010-ന് മാള ഉൾപ്പെടെ തൃശ്ശൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിലുണ്ടായ അതിശക്തമായ കാറ്റുമൂലം കൃഷി നാശം ഉൾപ്പെടെ വമ്പിച്ച നാശനഷ്ടം സംഭവിച്ച മുഴുവൻ ആളുകൾക്കും അടിയന്തിരമായി സഹായം നൽകാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ച് തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്ക്, ഇരിങ്ങാലക്കുട, മാള നിയോജകമണ്ഡലങ്ങളിൽ ഇന്നലെ അപ്രതീക്ഷിതമായുണ്ടായ ശക്തമായ കാറ്റിൽ കനത്ത നാശനഷ്ടം സംഭവിച്ചിട്ടുണ്ടെന്നാണ് ജില്ലാ കളക്ടറും തഹസീൽദാറും റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അമ്പതിലധികം വീടുകൾക്ക് നാശം സംഭവിക്കുകയും രണ്ട് വീടുകൾ പൂർണ്ണമായി തകരുകയും ചെയ്തിട്ടുണ്ട്. 12 ലക്ഷം രൂപയുടെ നാശനഷ്ടം സംഭവിച്ചതായാണ് പ്രാഥമിക കണക്കുകളിൽനിന്ന് വ്യക്തമാകുന്നത്. നാശനഷ്ടങ്ങളെക്കുറിച്ച് റിപ്പോർട്ട് ലഭിച്ചാലുടൻ ധനസഹായം നൽകുന്നതാണ്. മറ്റ് ജില്ലകളിലെ നാശനഷ്ടം സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അതാത് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### (15) ആരാധാനാലയങ്ങളുടേയും പുരോഹിതൻമാരുടേയും നേരെയുണ്ടായ ആക്രമണം

ശ്രീ. എം. മുരളി: 16-3-2010 വൈകുന്നേരം 5 മണിക്ക് അമ്പലപ്പുഴ കരുമാടി സെന്റ് നിക്കോളാസ് പള്ളിയിൽ കുർബാനയ്ക്കെത്തിയ ദേവാലയ ശുശ്രൂഷകനായ അമ്പലപ്പുഴ തെക്കേ റോസ് ഭവനിൽ എൻ.ജെ. തോമസ്സിനെ സി.പി.ഐ.(എം.) പ്രവർത്തകരായ രണ്ടുപേർ പള്ളിയിൽനിന്ന് വിളിച്ചിറക്കി മർദ്ദിച്ച സംഭവത്തിൽ പ്രതികളുടെ പേരിൽ കർശന നടപടി സ്വീകരിക്കണം. ആരാധാനാലയങ്ങളുടേയും പുരോഹിതൻമാരുടേയും നേരെയുള്ള ആക്രമണങ്ങൾക്ക് അറുതി വരുത്താനും ആരാധനാ സ്വാതന്ത്ര്യത്തിനുനേരെയുള്ള കടന്നുകയറ്റം അവസാനിപ്പിക്കാനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 16-03-2010-ന് ഉച്ചയ്ക്കുശേഷം 3.30 മണിയോടെ അമ്പല

പ്പുഴ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള സെന്റ് നിക്കോളാസ് പള്ളി കോമ്പൗണ്ടിലെ ഫിഷ് ടാങ്കിൽനിന്ന് കുറച്ച് കുട്ടികൾ മീൻപിടിക്കുന്നത് കണ്ട പള്ളിയിലെ കപ്യാരായ തോമസ് കുട്ടികളെ ഓടിച്ചുവിട്ടതിനുപിന്നാലെ ഒരു കുട്ടിയുടെ പിതാവും സുഹൃത്തും ചേർന്ന് കപ്യാരെ പള്ളിയിൽനിന്ന് പിടിച്ചിറക്കി ഷർട്ടിനുകുത്തിപിടിച്ച് അടിക്കുകയുണ്ടായി. കപ്യാർ തോമസിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ അമ്പലപ്പുഴ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും രണ്ട് പ്രതികളെ അറസ്റ്റ് ചെയ്യുകയുമുണ്ടായി.

**റിപ്പോർട്ട് സമർപ്പണം**

"പെപ്സി കമ്പനിയുടെ അമിത ജല ഉപയോഗവും ജല മലിനീകരണവും" സംബന്ധിച്ച് III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**നിയമനിർമ്മാണകാര്യം**

(i) <u>2010-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ)</u> : 2010-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

<u>മി. സ്പീക്കർ</u> : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): 2010-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.സി. ദിവാകരൻ): കേരളത്തിലെ ക്ഷീര കർഷകർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിനായി 2005-ൽ സർക്കാർ ഓർഡിനൻസ് പുറപ്പെടുവിക്കുകയും 2007-ൽ അത് നിയമമാക്കുകയും ചെയ്തു. ഓർഡിനൻസ് നിയമം ആക്കുന്നതുവരെയുള്ള രണ്ട് വർഷക്കാലയളവിനുള്ളിൽ വലിയ വിഭാഗം ക്ഷീര കർഷകർക്ക് ക്ഷേമനിധിയിൽ വാഗ്ദാനം ചെയ്ത ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടതിനാൽ ആ വിഭാഗത്തിലുള്ളവർക്ക് അത് പുനസ്ഥാപിക്കാനും പുതിയ ആളുകൾക്ക് കൂടി ക്ഷേമ നിധിയിൽ അംഗങ്ങൾ ആകാനും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള ഭേദഗതിയാണ് ഇവിടെ അവതരിപ്പിക്കുന്നത്. വർഷങ്ങളായി സർക്കാർ വിവിധ തരത്തിലുള്ള പ്രോൽസാഹനവും മറ്റും നൽകിയതിനാൽ ഇപ്പോൾ കേരളത്തിലെ ക്ഷീര ഉൽപാദന രംഗത്ത് പ്രകടമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ചെറിയ തോതിലുള്ള ക്ഷാമം ഈ രംഗത്ത് നിലനിൽക്കുന്നതുകൊണ്ട് സ്വകാര്യ മേഖലയിലെ പാൽ ഉൽപാദകരേയും ക്ഷീര കർഷകരേയും സഹായിക്കാനുള്ള പുതിയ പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ ക്ഷേമനിധിനിയമം നടപ്പാക്കുമ്പോൾ ക്ഷീരോല്പാ

ദന മേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഭാഗം ആളുകൾക്കും ആനുകൂല്യ ങ്ങൾ ലഭ്യമാക്കുകയെന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ ഭേദഗതി സഭയിൽ അവതരിപ്പിക്കുന്നത്.

**ക്രമപ്രശ്നം**

ബില്ലിലെ ധനകാര്യ മെമ്മോറാണ്ഡത്തിലെ അവ്യക്തത സംബന്ധിച്ച്

ശ്രീ. ആര്യാടൻ മുഹമ്മദ്: ബില്ലിലെ ക്ലോസ് (2)-(ബി) യിൽ "10 വർഷം"എന്നതിന് പകരം "5 വർഷമാക്കി" ചുരുക്കുമ്പോൾ കൂടുതൽ ആളുകൾക്ക് കവറേജ് ലഭിക്കുമെന്നുള്ളതിനെ അനുകൂലിക്കുന്നു. പക്ഷേ അതിനുവേണ്ടി പണം തികയുന്നില്ലെങ്കിൽ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് കോൺട്രിബ്യൂഷനോ ലോണോ കൊടുക്കണം. അത് പറയുന്നതിനു പകരം ധനകാര്യമെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്നത് ഇതിനുവേണ്ടി ഒരു ചെലവും വരില്ലെന്നാണ്. ഇത് തെറ്റാണ്. ആ വ്യവസ്ഥകൂടി ചേർത്തുകൊണ്ട് ഫിനാൻഷ്യൽ മെമ്മോറാണ്ടം മാറ്റി എഴുതണം.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.സി. ദിവാകരൻ): അത്തരം ഒരു ആശങ്കയ്ക്ക് വകയില്ല. കാരണം നില വിലുള്ള അംഗസംഖ്യ അനുസരിച്ച് സാമ്പത്തികമായ കാര്യങ്ങൾ നിർവ്വഹി ക്കാൻ ഈ ക്ഷേമ നിധി ബോർഡിന് കഴിയും. അതുകൊണ്ട് കൺസോളി ഡേറ്റഡ് ഫണ്ടിൽ നിന്നും ചെലവ് വരില്ല.

**റൂളിംഗ്**

<u>മി.സ്പീക്കർ:</u> കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും ചെലവ് വരില്ലെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഒബ്ജക്ഷൻ നില നിൽക്കുന്നില്ല.

<u>ശ്രീ. കെ.എം.മാണി:</u> I move that: This House resolves to disapprove The Kerala Dairy Farmers' Welfare Fund (Amendment), Ordinance, 2010" ഈ ബില്ലിലെ വ്യവസ്ഥകൾ സ്വാഗതാർഹമാണെങ്കിലും ഇത് ഓർഡിനൻസായി കൊണ്ടുവരേണ്ട സാഹചര്യമില്ലായിരുന്നു. 2007-ൽ എൽ.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന നിയമം പരിശോധിച്ചാൽ 2005-ൽ ഓർഡിനൻസായി കൊണ്ടുവന്ന മൂലനിയമത്തിലെ പല വ്യവസ്ഥകളും എടുത്തുകളയുകയും ക്ഷീര കർഷകരുടെ കവറേജ് കുറയ്ക്കുകയുമാണ് ചെയ്തത്. ഈ ബില്ലിലെ സ്റ്റേറ്റ്മെൻറ് ഓഫ് ഒബ്ജക്ട്സ് ആന്റ് റീസൺസിൽ പറയുന്നത് 2007-ലെ നിയമത്തിൽ അവ്യക്തതകൾ ഉള്ളതുകൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നത് എന്നാണ്. 2007-ലെ നിയമത്തിലെ അവ്യക്തതകളെ പറ്റി അന്ന് യു.ഡി.എഫ് അംഗങ്ങൾ സഭയിൽ ഉന്നയിച്ചപ്പോൾ സർക്കാർ സമ്മതിച്ചില്ല. എന്നാൽ ആ അവ്യക്തത കൊണ്ട് ബുദ്ധിമുട്ടുകൾ ഉണ്ടായതിനാലും ഒരാൾക്കുപോലും പെൻഷൻ കൊടുക്കാൻ സാധിക്കാത്തതിനാലുമാണ് ഇപ്പോൾ ഈ ഓർഡിനൻസ് കൊണ്ടുവന്നിരിക്കുന്നത്. പത്ത് വർഷം പാൽ അളക്കുന്നതിനുപകരം 5 വർഷം അളന്നാൽ മതിയെന്നും അല്ലെങ്കിൽ ക്ഷേമനിധിയിൽ 5 വർഷം അംഗമായിരുന്നാൽ മതിയെന്നുമുള്ള ബില്ലിലെ വ്യവസ്ഥയെ സ്വാഗതം ചെയ്യുന്നു. പക്ഷേ അതിന്റെ കാലയളവ് പരിശോധിച്ചാൽ, ആദ്യം 2005 ആഗസ്റ്റ് 24-ന് ഈ നിയമം

നിലവിൽ വന്നു; 2010 ആഗസ്റ്റ് 24-നാണ് 5 വർഷം തികയുന്നത്. അതായത്, അർജൻസി ഇല്ലാത്തതുകാരണം ഓർഡിനൻസിനുപകരം ബില്ലാക്കി കൊണ്ടുവന്നിരുന്നെങ്കിൽ ഗുണഭോക്താക്കൾക്ക് കുറച്ചുകൂടി ആനുകൂല്യ ങ്ങൾ കിട്ടുമായിരുന്നു. മറ്റൊരു കാര്യം പറയാനുള്ളത്, 15-12-2009-ൽ ഈ ഓർഡിനൻസ് പുറപ്പെടുവിച്ചതിനുശേഷം 29-12-2009-ൽ ഒരു ദിവസ ത്തേയ്ക്ക് സഭ കൂടിയിരുന്നു. ഓർഡിനൻസ് നിലവിലിരിക്കേ സഭ കൂടിയാൽ വീണ്ടും ഓർഡിനൻസ് റീ-പ്ലെയ്സ് ചെയ്ത് ബിൽ കൊണ്ടുവരണമായിരുന്നു. അത് ചെയ്യാതെ 29-1-2010-ൽ വീണ്ടും ഓർഡിനൻസ് പുറപ്പെടുവിക്കുകയും ആ ഓർഡിനൻസ് റീ-പ്ലേയ്സ് ചെയ്യാൻ ഇപ്പോൾ ബില്ല് കൊണ്ടുവന്നിരി ക്കുകയുമാണ്. ആർട്ടിക്കിൾ 213 അനുസരിച്ച് ഇമ്മീഡിയറ്റ് ആക്ഷൻ എടുക്കാൻ നിർബന്ധമായ സാഹചര്യത്തിൽ മാത്രമേ ഓർഡിനൻസ് പുറപ്പെ ടുവിക്കാവൂ. ഇവിടെ ഇമ്മീഡിയറ്റ് ആക്ഷന്റെ കാര്യമില്ല. ഇപ്പോൾ ബില്ലായി കൊണ്ടുവന്നാൽ മതിയായിരുന്നു. റൂൾ 71 അനുസരിച്ച് നെസ്സസിറ്റി കാണിച്ചു കൊണ്ട് വന്നിരിക്കുകയാണ്. പക്ഷേ ബില്ലിനകത്ത് നെസ്സസിറ്റിയെപ്പറ്റി പറ ഞ്ഞിട്ടില്ല. സർക്കാരിന്റെ നടപടി തെറ്റാണ്. ഇപ്രകാരം ഓർഡിനൻസ് കൊണ്ടു വരേണ്ട സാഹചര്യമില്ല.

<u>ശ്രീ. പി. ജയരാജൻ:</u> 2010-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-6-2010-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ക്ഷീര കർഷക മേഖലയിലെ കർഷകർക്ക് പെൻഷനുൾപ്പെടെയുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ വ്യവസ്ഥ ചെയ്യാനാണ് 2007-ൽ എൽ.ഡി.എഫ്. സർക്കാർ ഇതിന്റെ മൂലനിയമം കൊണ്ടു വന്നത്. അതിനുമുൻപ് യു.ഡി.എഫ് സർക്കാർ ഇതുമായി ബന്ധപ്പെട്ട് 2005- ൽ ഓർഡിനൻസ് കൊണ്ടുവന്നിരുന്നു. 2007-ലെ

നിയമത്തിൽ ഭേദഗതി വരുത്തികൊണ്ട് കൂടുതൽ ക്ഷീരകർഷകർക്ക് പെൻഷനും ക്ഷേമനിധി ആനുകൂല്യങ്ങളും ലഭിക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥകളോടുകൂടിയുള്ള ഭേദഗതി ബില്ലാണ് ഇപ്പോൾ കൊണ്ടുവന്നിട്ടു ള്ളത്. മുൻപുണ്ടായിരുന്ന വ്യവസ്ഥയ്ക്ക് പകരം ഇപ്പോൾ 5 വർഷം പാൽ അളന്നാൽ മതിയെന്ന വ്യവസ്ഥ കൊണ്ടു വരുന്നതോടുകൂടി കൂടു തൽപേർക്ക് ആനുകൂല്യം ലഭിക്കുവാൻ പോകുകയാണ്. ക്ഷേമ നിധിയി ലേയ്ക്ക് വരുമാനം വർദ്ധിപ്പിക്കാനുള്ള വ്യവസ്ഥകൾ ഈ ബില്ലിലുണ്ട്. ക്ഷേമനിധിയിൽ അംഗമായ ആൾ ആനുകൂല്യം ലഭിക്കേണ്ട കുറഞ്ഞ കാല യളവിനുള്ളിൽ മരിക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ അനന്തരാവകാശി കൾക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭിക്കാൻ മരണമടഞ്ഞ അംഗം അംഗ മായിരുന്ന സൊസൈറ്റിയിൽ പാൽ അളന്നിരുന്ന കാലയളവ് കൂടി കണക്കി ലെടുക്കണമെന്ന ഭേദഗതിയുണ്ട്. അംശദായം ക്ഷീര കർഷകർ അടയ്ക്കുന്ന തോടൊപ്പം ക്ഷീര സഹകരണ സംഘങ്ങൾ, മേഖലാ യൂണിയനുകൾ, മിൽമ എന്നിവരിൽ നിന്ന് കൂടി അംശദായം സ്വീകരിക്കാനും അംശദായം അടയ്ക്കാൻ വീഴ്ച വരുത്തിയാൽ അവർക്കെതിരെ നടപടികൾ സ്വീകരിക്കു വാനും കുടിശ്ശിക ഈടാക്കാനുള്ള വ്യവസ്ഥയും ഈ ബില്ലിലുണ്ട്. അർഹ രായ ക്ഷീര കർഷകർക്ക് പെൻഷൻ ഉറപ്പ് വരുത്താൻ നിയമത്തിലെ അവ്യ ക്തതകൾ മാറ്റി കുറേക്കൂടി വ്യക്തത വരുത്തികൊണ്ടുള്ള വ്യവസ്ഥ ഈ ബില്ലിൽ കൊണ്ടുവന്നിട്ടുണ്ട്. ലോകത്തിലെ പാൽ ഉൽപാദനത്തിൽ 14 ശതമാനം ഇൻഡ്യയിൽ നിന്നാണെങ്കിലും പാൽ ഉൽപാദന വിതരണ മേഖല നിരവധി പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. പാലുൽപാദന വിതരണ മേഖലയിൽ വിദേശ ബഹുരാഷ്ട്ര കമ്പനികളുടെ ഇടപെടൽ രാജ്യത്തെ ക്ഷീര മേഖലയെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നമാണ്.

കാർഷിക മേഖലയിലെ ക്ഷീര കർഷകരുടെ ജീവിതത്തിന് ആഘാതമേൽപ്പി ക്കുന്ന നടപടികളാണ് നവ ഉദാരവത്കരണത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ളത്. 1980-ൽ ആനന്ദ് മാതൃകയിൽ രൂപീകരിക്കപ്പെട്ട ക്ഷീര സഹ കരണ സംഘങ്ങളുടെ അപ്പെക്സ് ബോഡിയായ മിൽമ പാൽ സംഭരിച്ച് പാസ്ച്യുറൈസ്ഡ് മിൽക്കാക്കി വിപണനം ചെയ്യുന്നു. പാൽക്ഷാമം പരിഹരി ക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് പാൽപ്പൊടി ഇറക്കുമതി ചെയ്യാനുള്ള നടപടി സ്വീകരിക്കുമ്പോൾ ചെറുകിട ക്ഷീരകർഷകരെ പ്രോത്സാഹിപ്പിച്ചുകൊണ്ട് പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനാണ് സംസ്ഥാന ഗവൺമെന്റ് ശ്രമിക്കുന്നത്. പുതിയ തലമുറകളിലെ ആരുംതന്നെ ക്ഷീര വ്യവസായം ഒരു വരുമാന മാർഗ്ഗമായി കണ്ടുകൊണ്ട് പ്രസ്തുത മേഖലയിലേയ്ക്ക് കടന്നു വരാത്തതുകൊണ്ട് വലിയ ഡയറി യൂണിറ്റുകളുണ്ടാക്കി കൂടുതൽ പശുക്കളെ വളർത്തി പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതി ആവിഷ്കരിക്കണം. ഉപഭോഗത്തിനനുസരിച്ച് പാലുല്പാദനം മെച്ചപ്പെടുത്തു ന്നതിനുവേണ്ടി മിൽമ പ്രവർത്തിക്കണം. ക്ഷീര കർഷകന്റെ താല്പര്യം സംരക്ഷിക്കപ്പെടുന്നതിനും അഭിവൃദ്ധിപ്പെടുവാനും വേണ്ടി സ്ഥാപിക്കപ്പെട്ട മിൽമയുടെ ഉദ്ദേശം നിറവേറ്റപ്പെടണം. സംസ്ഥാനത്തിലെ ക്ഷീര കർഷക രുടെ താൽപര്യം വേണ്ടത്ര സംരക്ഷിക്കപ്പെടണം. മിൽമയുമായി അഫിലി യേറ്റ് ചെയ്ത സഹകരണ സംഘങ്ങളിൽ പാൽ കൊടുക്കുന്ന കർഷകന് മറ്റ് സഹകരണ സംഘങ്ങളിൽ പാൽ കൊടുക്കുന്നവർക്ക് കിട്ടുന്ന വിലയും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കണം. പാലിന്റെ ഗുണ നിലവാരം വർദ്ധിപ്പിക്കുന്ന തിനുവേണ്ട നടപടികൾ കൈക്കൊള്ളണം. അന്യ സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കപ്പെടണം.

പാലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് പുതിയ പദ്ധതികൾ ആലോചിക്കണം. നിലവിലുള്ള നിയമ വ്യവസ്ഥയ്ക്കനുസരിച്ച് ആനുകൂല്യം കിട്ടുന്ന ക്ഷീര കർഷകരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കുന്ന നിർദ്ദേശത്തെ സ്വാഗതം ചെയ്യുന്നു. ക്ഷീര കർഷകരുടെ ക്ഷേമ നിധി ആനുകൂല്യങ്ങൾ മെച്ച പ്പെടുത്തുന്നതിനാവശ്യമായിട്ടുള്ള ഭേദഗതികൾ കൊണ്ടുവരണം. വിവാഹ ത്തിനും മരണാനന്തര ചടങ്ങുകൾക്കുമുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പി ക്കണം. അവശ ക്ഷീര കർഷകരുടെ പെൻഷൻ ആനുകൂല്യം മണി ഓർഡറായി വീട്ടിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. പെൻഷനുവേണ്ടിയുള്ള അപേക്ഷാഫാറങ്ങളിലെ സങ്കീർണ്ണതകൾ ലഘൂകരി ക്കണം.

ശ്രീ. ആര്യാടൻ മുഹമ്മദ്: 2010-ലെ ക്ഷീര കർഷക ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണ മെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഒരു കൺസ്യൂമർ സ്റ്റേറ്റായ കേരളത്തിൽ ഓരോ വർഷം കഴിയുന്തോറും കാർഷിക മേഖലയിലെ ഗ്രോസ് ഡൊമസ്റ്റിക് പ്രൊഡക്ഷനും പ്രൈമറി സെക്ടറിന്റെ കോൺട്രിബ്യൂഷനും കുറഞ്ഞുവരി കയാണ്. ഏറ്റവും അനുകമ്പ അർഹിക്കുന്നവരും ചുരുങ്ങിയ മുതൽമുടക്കു കൊണ്ട് ജോലിയും വരുമാനവും ഉണ്ടാക്കാൻ കഴിയുന്നവരുമായ ക്ഷീരകർഷകർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. അത്തരം ക്ഷീര കർഷ കരെ സഹായിക്കുന്നതിനു പകരം വലിയ ഡയറി ഫാമുകൾ കേരളത്തിൽ ആരംഭിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. സംസ്ഥാനത്താവശ്യമുള്ള പാലിന്റെ 74 ശതമാനം ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കുന്നുണ്ട്. കേരളത്തിൽ ഡെൻസിറ്റി ഓഫ് പോപ്പുലേഷൻ കൂടുതലായതുകൊണ്ട് മേച്ചിൽ സ്ഥലം കുറവായതിനാൽ പശുക്കളെ വളർത്തുന്നതിന് കാലിത്തീറ്റയെ മാത്രം

ആശ്രയിക്കുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നുണ്ട്. അങ്ങനെ വരുമ്പോൾ കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ കൂടുകയും പാലിന് അതിനനുസരിച്ചുള്ള വില ലഭ്യമാകാത്ത സാഹചര്യം സംജാതമാകുകയും ചെയ്യുന്നുണ്ട്. അതിന് പരിഹാരമുണ്ടാകണം. പെൻഷൻ ലഭ്യമാക്കുന്നതിനുവേണ്ടി നിഷ്കർഷിക്കുന്ന നിബന്ധനകളിൽ പ്രതിവർഷം 500 ലിറ്റർ പാൽ അളന്നിരിക്കണം എന്നത് ഒഴിവാക്കണം. പെൻഷൻ ലഭ്യമാകുന്ന കാലാവധി പൂർത്തിയാകാതെ മരണപ്പെടുന്ന ക്ഷീരകർഷകന്റെ അനന്തരാവകാശിക്ക് നിബന്ധനകളൊന്നും കൂടാതെ പെൻഷൻ ലഭ്യമാക്കണം. ക്ഷീര കർഷകരുടെ പെൻഷൻ തുക വർദ്ധിപ്പിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ കിടക്കുന്ന കേരളത്തിലെ ക്ഷീര കർഷകർക്ക് പരമാവധി ആനുകൂല്യങ്ങൾ കൊടുക്കുന്നതിനുള്ള ശ്രമമാണ് ഈ ഭേദഗതിയിലൂടെ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നത്. 500 ലിറ്റർ പാൽ അളക്കണമെന്ന നിബന്ധന എടുത്തുകളയണമെന്ന നിർദ്ദേശം പ്രൈമറി സംഘങ്ങളുടെയും അപ്പെക്സ് ബോഡികളുടേയും പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ നിബന്ധനയ്ക്ക് മാറ്റം വരുത്താൻ സാധിക്കില്ല. ഒറിജിനൽ ഓർഡിനൻസിൽ 500 ലിറ്റർ പാൽ അളക്കണമെന്ന നിബന്ധനയുള്ളതിനാൽ ഓർഡിനൻസിൽ ഇല്ലാത്ത കാര്യം ഭേദഗതിയിൽ കൊണ്ടുവന്നു എന്നു പറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ശരിയല്ല. നിയമസഭ പാസ്സാക്കുന്ന ഏത് നിയമത്തിലും നിലവിലുള്ള ആനുകൂല്യങ്ങൾ നിഷേധിക്കാതെ പരമാവധി ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു കൊടുക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ഇത്തരത്തിൽ സംസ്ഥാനത്തെ ക്ഷീര കർഷകരുടെ എണ്ണം ഇപ്പോഴുള്ള 70 ശതമാന

ത്തിൽനിന്നും 100 ശതമാനത്തിൽ എത്തിക്കുന്നതിനുള്ള പരിശ്രമമാണ് സർക്കാർ നടത്തുന്നത്. ഇതിന്റെ ഭാഗമായി സർക്കാർ നടപ്പാക്കുന്ന പശുഗ്രാമം പദ്ധതിയിൽ ഗവൺമെന്റ് പശുക്കളെ വാങ്ങി പകുതി വില ഗ്രാന്റായി കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. വിദർഭ പാക്കേജനുസരിച്ച് കാലിത്തീറ്റയ്ക്ക് സബ്സിഡി ഏർപ്പെടുത്തിയത് മൂന്നു ജില്ലകളിൽ വിതരണം ചെയ്തിട്ടുണ്ട്. ക്ഷീര കർഷകരുടെ ക്ഷേമനിധിയിൽ വിവാഹ ധനസഹായം കൊടുക്കുന്നതോടൊപ്പം പെൻഷൻ തുക 300 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ തുക കൂട്ടിക്കൊടുക്കണമെന്ന അഭിപ്രായം പരിശോധിക്കാം. കോലാഹലമേട്, മാട്ടുപ്പെട്ടി, കുളത്തൂപ്പുഴ എന്നിവിടങ്ങളിൽ കെ.എൽ.ഡി. ബോർഡിന്റെ കീഴിൽ ഹൈടെക് ഡയറി ഫാം ആരംഭിക്കാൻ ബഡ്ജറ്റിൽ ആറുകോടി രൂപ നീക്കിവച്ചിട്ടുണ്ട്. മുമ്പൊരിക്കലും ഇല്ലാത്ത രീതിയിൽ ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് രണ്ടുകോടി രൂപ കഴിഞ്ഞ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളതിന് പുറമെ ക്ഷീര കർഷകരുടെ ഇൻഷ്വറൻസിനായി 30 ലക്ഷം രൂപ നീക്കിവയ്ക്കാനും തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ ഉൽപ്പാദന രംഗം ഗുരുതരമായ വെല്ലുവിളി നേരിടുന്ന സാഹചര്യത്തിൽ പാൽ ഇറക്കുമതി നിയന്ത്രിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. സ്വകാര്യമേഖലയിലുള്ള ക്ഷീരോൽപ്പാദകരെ പ്രോൽസാഹിപ്പിക്കാൻ വെറ്ററിനറി സർവ്വീസ് കൊടുക്കുകയും ബാങ്ക് ലോൺ ഏർപ്പാടാക്കിക്കൊടുക്കുകയും വേണ്ട ഉപദേശങ്ങളും ട്രെയിനിംഗും നൽകിവരികയും ചെയ്യുന്നുണ്ട്. പശുഗ്രാമം പദ്ധതിയിൽ ലോക്കൽ സെൽഫ് ഗവൺമെന്റുകൾ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുടുംബത്തിന് രണ്ട് പശുക്കളെ വാങ്ങിക്കൊടുക്കാനാണ് ഉദ്ദേശിച്ചതെങ്കിലും അവർക്ക് വീടോ തൊഴുത്തോ പശുക്കളെ സംരക്ഷിക്കാനുള്ള നിവൃത്തിയോ ഇല്ലെന്നുകണ്ടതിനാൽ രണ്ടുമൂന്നു പശുക്കളുള്ള വ്യക്തി

കളെ കണ്ടെത്തി അവർക്ക് അഞ്ചും പത്തും ഇരുപതും പശുക്കളുള്ള യൂണിറ്റുകൾ തുടങ്ങി മിൽക്ക് ഷെഡ് പദ്ധതി തുടങ്ങാൻ ബഡ്ജറ്റിൽ കൂടുതൽ തുക നീക്കിവച്ചിട്ടുണ്ട്. തീറ്റപ്പുൽ കൃഷിക്കും അസോള കൃഷിക്കും കുറച്ചു കൂടി സബ്സിഡി കൊടുത്ത് പാലുൽപ്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാൻ ശ്രമിക്കുകയാണ്. അവശത അനുഭവിക്കുന്ന ക്ഷീര കർഷകർക്ക് അവരുടെ പെൻഷൻ തുക മണിഓർഡർ വഴി എത്തിക്കുന്നതിന് നിർദ്ദേശം കൊടുക്കുന്നതാണ്. പാൽവില നിശ്ചയിക്കുന്നതിനുള്ള അവകാശം മിൽമയ്ക്കാണെങ്കിലും ഡയറി ഡിപ്പാർട്ടുമെന്റ് തയ്യാറാക്കുന്ന ചാർട്ടിന്റെ അടിസ്ഥാനത്തിൽ വർദ്ധിപ്പിക്കുന്ന വില ക്ഷീര കർഷകർക്കും പ്രൈമറി സംഘങ്ങൾക്കും ഡിവൈഡ് ചെയ്തു കൊടുക്കുന്നുണ്ട്. 2010-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയവും ഭേദഗതികളും സഭ നിരാകരിച്ചു

2010-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച VII -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) <u>2010-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും</u>

ധനകാര്യവകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): 2010-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2010-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ ധനകാര്യ വകുപ്പിന് കഴിഞ്ഞില്ലെന്ന് മാത്രമല്ല, കഴിഞ്ഞ കുറേ കാലങ്ങളായി സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിക്കുന്ന സ്ഥിതിയാണുള്ളത്. കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞിരുന്ന റോഡ് വികസനം, പാലങ്ങളുടെ നിർമ്മാണം, പുതിയ കെട്ടിട നിർമ്മാണം എന്നിവയൊന്നും പൂർത്തിയാക്കാതെ വീണ്ടും പുതിയ പദ്ധതികളുമായി വന്നിരിക്കുകയാണ്. പൂഴി മണ്ണിന്റെയും മണലിന്റെയും ദൗർലഭ്യം പരിഹരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കണം. കേരളം പല രോഗങ്ങളുടേയും കേന്ദ്രമായി മാറിക്കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കേരളം പുറകോട്ട് പോയിക്കൊണ്ടിരിക്കുന്നു. കാർഷിക മേഖലയിൽ കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പല പദ്ധതികളും ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. വാഹന അപകടങ്ങളിൽ കേരളം ഒന്നാംസ്ഥാനത്തെത്തിയിരിക്കുകയാണ്. ശുദ്ധജലവിതരണം ഫലപ്രദമായി നടപ്പാക്കാൻ നടപടി സ്വീകരിക്കണം. യാഥാർത്ഥ്യബോധമില്ലാത്ത, ആത്മാർത്ഥതയില്ലാത്ത ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. വികസന പ്രവർത്തനങ്ങൾ കൂടുതലും ഇടതുപക്ഷ മുന്നണി എം.എൽ.എ.മാരുടെ മണ്ഡലങ്ങളിലാണ് നടക്കുന്നത്. ഇരിങ്ങാലക്കുടയെ കഴിഞ്ഞ ബഡ്ജറ്റിൽ അവഗണിക്കുകയാ

ണുണ്ടായത്. ഇരിങ്ങാലക്കുട മണ്ഡലത്തിൽ ഉണ്ണായിവാര്യരുടെ സ്മാരകം പണിയുന്നതിന് ആവശ്യമായ തുക വകയിരുത്തണം.

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ:</u> ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ നാല് കൊല്ലത്തിനിടയിൽ ഒരൊറ്റ ദിവസം പോലും ട്രഷറി പൂട്ടിയിടേണ്ടിവന്നിട്ടില്ലെന്നുള്ളത് മികച്ച ധനകാര്യമാനേജ്മെന്റിനെയാണ് വ്യക്തമാക്കുന്നത്. സാമൂഹ്യ ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചു. പെൻഷൻ കുടിശ്ശിക മുഴുവനും കൊടുത്തുതീർത്തു. അനാവശ്യചെലവുകൾ വെട്ടിച്ചുരുക്കി. 35 ലക്ഷം കുടുംബങ്ങൾക്ക് കിലോയ്ക്ക് 2 രൂപ നിരക്കിൽ അരി കൊടുക്കാനുള്ള നടപടി സ്വീകരിച്ചു. റവന്യൂ വരുമാനത്തിലും നികുതി വരുമാനത്തിലും ഗണ്യമായ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞു. റവന്യൂ ചെലവിന്റെ 53.76 ശതമാനം വികസന ചെലവുകൾക്ക് മാറ്റിവച്ചിരിക്കുകയാണ്. മൂലധനച്ചെലവ് ഇരട്ടിയായി വർദ്ധിച്ചു. വിൽപ്പന നികുതിയിലും എക്സൈസ് ഡ്യൂട്ടിയിലും വർദ്ധനവുണ്ടായിട്ടുണ്ട്. സാമ്പത്തിക മാന്ദ്യത്തിനിടയിലും നേരത്തെ ഉണ്ടായിരുന്ന കടം കുറയുകയാണുണ്ടായത്. ഈസ്റ്ററും വിഷുവും വരുന്ന അടുത്ത മാസത്തെ ശമ്പളം ജീവനക്കാർക്ക് നേരത്തെ നൽകുന്നതിന് അനുകൂലമായൊരു തീരുമാനം ഉണ്ടാകണം. ജവഹർലാൽ നെഹ്റു നഗരവികസന പദ്ധതിക്ക് വേണ്ടി ഈ സർക്കാർ ആയിരം കോടി രൂപയുടെ പദ്ധതി കേന്ദ്രത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കനുവദിച്ച തുക യഥാസമയം വിനിയോഗിക്കുകയും ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തു. പാവപ്പെട്ട ആളുകൾക്ക് അടിയന്തിര സാഹചര്യങ്ങളിൽ സഹായം നൽകുന്നതിന് സാമൂഹ്യസുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതാണ്.

<u>ശ്രീ. സി. ടി. അഹമ്മദ് അലി:</u> ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. പൊതുകടവും, ആളോഹരി കടവും ഓരോ വർഷവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന നിരവധി പാലങ്ങൾ, റോഡുകൾ, കെട്ടിടങ്ങൾ, ശുദ്ധജലവിതരണപദ്ധതികൾ എന്നിവയ്ക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പാക്കേജ് സംവിധാനമേർപ്പെടുത്തി പൂർത്തീകരിക്കണം. അടയ്ക്കാകൃഷിക്ക് ഏർപ്പെടുത്തിയ 10 കോടി രൂപയുടെ സബ്സിഡി യഥാർത്ഥ കർഷകർക്കുതന്നെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. മണലിൽനിന്നും ലഭിക്കുന്ന വരുമാനം, പാവപ്പെട്ട ആളുകളുടെ ചികിത്സയ്ക്ക് സബ്സിഡി നിരക്കിൽ മരുന്ന് ലഭ്യമാക്കുന്നതിനും കൂടി ഉപയോഗിക്കണം. ദുരന്തങ്ങൾ, അപകടമരണം ഇവയ്ക്ക് അടിയന്തിരസഹായമായി നൽകുന്ന തുക വളരെ പരിമിതമാണ്. അതിനാവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തണം. ബി.പി.എൽ.കുടുംബങ്ങൾക്ക് സബ്സിഡി നിരക്കിൽ പകുതി വിലയ്ക്ക് മരുന്ന് നൽകാൻ നടപടി സ്വീകരിക്കണം. കെട്ടിട ഉടമകൾക്കും കുടികിടപ്പുകാർക്കുംവേണ്ടി സമഗ്രമായ ഒരു റെന്റ് കൺട്രോൾ ആക്ട് നടപ്പിലാക്കണം. കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച സെൻട്രൽ യൂണിവേഴ്സിറ്റിക്ക് പെരിയയിൽ സ്ഥലം കണ്ടെത്തി നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് 2 ലക്ഷം വരുന്ന വഴിയോരകച്ചവടക്കാരെ നഗരാസൂത്രണപദ്ധതിയിൽപ്പെടുത്തി പുനരധിവസിപ്പിക്കാൻ പ്രത്യേക നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. കെ. ചന്ദ്രൻ:</u> ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. വളരെ ജനക്ഷേമകരമായ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. പാവപ്പെട്ട ആളുകളുടെ ക്ഷേമം മുൻനിർത്തിയുള്ള നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കാർഷിക-വ്യാവസായിക-പരമ്പരാഗത മേഖലകളുടെ

സംരക്ഷണത്തിനാണ് കൂടുതൽ തുകയും നീക്കിവച്ചിരിക്കുന്നത്. വിലക്കയറ്റം നിയന്ത്രിക്കാൻ ഒട്ടേറെ നടപടികൾ സ്വീകരിച്ചു. പൊതുവിതരണ രംഗം ശക്തിപ്പെടുത്തി. 35 ലക്ഷം കുടുംബങ്ങൾക്ക് കിലോയ്ക്ക് 2 രൂപ നിരക്കിൽ അരി നൽകാനുള്ള സംവിധാനം ഏർപ്പെടുത്തി. മൺപാത്ര തൊഴിലാളികളേയും തോട്ടം തൊഴിലാളികളേയുംകൂടി രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയത് സ്വാഗതാർഹമാണ്. രണ്ട് രൂപയ്ക്ക് അരി ലഭിക്കുന്ന മുഴുവൻ കുടുംബങ്ങളേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽപ്പെടുത്തി അടിയന്തിര ചികിത്സാ സഹായം നൽകാനുള്ള സമഗ്ര പദ്ധതിക്ക് സർക്കാർ രൂപം കൊടുത്തു. പരിസ്ഥിതി സംരക്ഷണത്തിനും വനി താക്ഷേമത്തിനും മാതൃകാപരമായ പദ്ധതികൾ നടപ്പിലാക്കി. സാമൂഹ്യ ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കുന്നതിന് തീരുമാനമെടുത്തു. വികസന പ്രവർത്തനങ്ങളിൽ സർവ്വകാല റിക്കാർഡാണ് സൃഷ്ടിച്ചിട്ടുള്ളത്. പൊതുമരാ മത്ത് രംഗത്ത് നിരവധി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചു. നികുതികൾ പിരിച്ചെടുത്ത് ജനക്ഷേമകരമായ പ്രവർത്തന ങ്ങൾക്ക് പണം ചെലഴിക്കാനുള്ള തീരുമാനം ശ്ലാഘനീയമാണ്. തൊഴിലുറപ്പ് പദ്ധതി പട്ടണങ്ങളിലും നടപ്പിലാക്കാൻ തീരുമാനിച്ചു.

<u>ശ്രീ. മോൻസ് ജോസഫ്:</u> ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. വികസന രംഗത്ത് കാര്യക്ഷമതയോടുകൂടി ധാരാളം പദ്ധതികൾ നടപ്പിലാ ക്കാൻ ആത്മാർത്ഥമായ ശ്രമമാണ് നടക്കുന്നത്. മരാമത്ത് പണികൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഇ-ടെന്ററിംഗ് സിസ്റ്റം നടപ്പിലാക്കാൻ തീരുമാനിച്ചു. ഭവന നിർമ്മാണ ബോർഡുമായി ബന്ധപ്പെട്ട് വായ്പയെടുത്ത പാവപ്പെട്ട ആളുകളുടെ വായ്പ എഴുതിത്തള്ളാനുള്ള സമീപനം സ്വീകരി ക്കണം. കാർഷിക രംഗത്തും പുരോഗതി ഉണ്ടായിട്ടുണ്ട്. കയ്യേറ്റ

ക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണം. കുടിയേറ്റക്കാരായ കൃഷിക്കാരെ വേർതിരിച്ചു കാണാനും അവർക്ക് സംരക്ഷണം നൽകാനുമുള്ള സാഹചര്യമുണ്ടാകണം. അർഹരായ മുഴവൻ കർഷകർക്കും പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ പട്ടയം കൊടുത്ത സർക്കാർ എന്ന ഖ്യാതി ഈ സർക്കാരിന് നേടാൻ കഴിഞ്ഞു. ഇടുക്കി ജില്ലയിലെ കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ പ്രത്യേകമായി പരിഗണിച്ച് അവയ്ക്ക് പരിഹാരം കാണണം.

ശ്രീ. പി.ടി.എ. റഹീം: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ നാല് വർഷംകൊണ്ട് സംസ്ഥാനത്ത് നിരവധി വികസന പ്രവർത്തനങ്ങൾ നടത്താൻ ഈ സർക്കാരിന് കഴിഞ്ഞു. ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായിട്ടാണ് ഈ സർക്കാർ മുന്നോട്ടു പോകുന്നത്.

ശ്രീ. എ.കെ. ശശീന്ദ്രൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. പ്രാദേശിക തലത്തിലുള്ള പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാനുള്ള ശ്രമം സർക്കാർ നടത്തുന്നുണ്ടെങ്കിലും അതിൽ കാര്യക്ഷമത അനുഭവപ്പെടുന്നില്ലെന്ന് മാത്രമല്ല, പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ ഉണ്ടാകുന്ന അനാവശ്യമായ കാലതാമസം ഒഴിവാക്കാൻ വിവിധ വകുപ്പുകളുടെ ഏകോപനവും സമയബന്ധിതമായ പ്രവർത്തനവും നടക്കുന്നുണ്ടോയെന്നുള്ളതും പരിശോധിക്കേണ്ട വിഷയമാണ്. വികസന പ്രവർത്തനങ്ങളിൽ നേരിടുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. അനാവശ്യമായ നടപടി ക്രമങ്ങൾ ഒഴിവാക്കി ചെറിയ സംഖ്യയ്ക്കുള്ള പ്രവൃത്തികൾ ചെയ്യാനുള്ള അധികാരം പ്രാദേശിക ഭരണകൂടങ്ങൾക്ക് നൽകണം. ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ എത്ര പണമാണോ നിക്ഷേപിക്കുന്നത് അത്രയും രൂപയ്ക്കുള്ള വികസന പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകാമെന്ന സന്ദേശത്തിലൂടെ

ട്രഷറിയിലെ നാഷണൽ സേവിംഗ്സിൽ പണം സ്വരൂപിക്കുന്ന പ്രേരക്മാരുടെ റോളിലേയ്ക്ക് എം.എൽ.എ. മാരെ കൊണ്ടെത്തിച്ചിരിക്കുകയാണ്. അങ്ങനെ പണം സമാഹരിക്കാൻ കഴിയാത്ത മെമ്പർമാരുടെ മണ്ഡലങ്ങളിൽ ഈ വർഷം വികസന പ്രപവർത്തനങ്ങളൊന്നും നടക്കുകയില്ല. ഇത് ശരിയായ നിലപാടല്ല. എല്ലാ മണ്ഡലങ്ങളിലും ഈ സാമ്പത്തിക വർഷം പുതിയ വിക സന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താൻ കഴിയുന്ന തരത്തിലുള്ള സമീപനം സ്വീകരിക്കുകയും അതിന് അനുവാദം നൽകുകയും വേണം.

ശ്രീ. വി.എൻ. വാസവൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ നാല് വർഷം ഫലപ്രദമായ സാമ്പത്തിക അച്ചടക്കം സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിഞ്ഞു. കേന്ദ്രത്തിന്റെ തെറ്റായ സാമ്പത്തിക നയങ്ങൾക്ക് ബദൽനയം സ്വീകരിച്ചുകൊണ്ട് മുന്നോട്ടു പോകുന്ന ഈ സർക്കാർ ഇന്ത്യയ്ക്കുതന്നെ മാതൃകയാണ്. ഉൽപാദന മേഖലയിലും പശ്ചാത്തല മേഖലയിലും സേവന മേഖലയിലും അഭൂതപൂർവമായ വളർച്ച കൈവരി ക്കാൻ കഴിഞ്ഞിട്ടുണ്ട്. 62000 മെട്രിക്ടൺ നെല്ല് അധികമായി ഉല്പ്പാദിപ്പി ക്കാൻ കഴിഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാനും എട്ട് പൊതുമേഖലാ വ്യവസായസ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഫണ്ട് മാറ്റി വയ്ക്കാനും കഴിഞ്ഞത് സ്വാഗതാർഹമാണ്. പരമ്പരാഗത വ്യവസായ മേഖലയുടെ പുരോഗതിക്കാവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞു. യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിച്ചു. കരാറുകാ രുടെ കുടിശ്ശിക കൊടുത്തു തീർത്തു എന്നു മാത്രമല്ല പണികൾ പൂർത്തിയാ ക്കിയാൽ ഉടൻ തന്നെ പണം കൊടുക്കുന്ന സാഹചര്യം ഉണ്ടാക്കി. വിവിധ ക്ഷേമപെൻഷനുകളുടെ കുടിശ്ശിക കൊടുത്തു തീർക്കുകയും പെൻഷൻ തുക വർദ്ധിപ്പിക്കുകയും ചെയ്തു. ജീവനക്കാരുടെ ശമ്പള ബാദ്ധ്യത

കൊടുത്തു തീർക്കുകയും പുതിയ ശമ്പള പരിഷ്ക്കരണ കമ്മിഷനെ നിയമിക്കുകയും ചെയ്ത ഗവൺമെന്റാണിത്. ഈസ്റ്റർ-വിഷു ഇവ വരുന്നതിനാൽ ഈ മാസത്തെ ശമ്പളം അഡ്വാൻസായി (നേരത്തേ) കൊടുക്കാനുള്ള നടപടിയുണ്ടാകണം. സാമ്പത്തിക സ്ഥിതി സുസ്ഥിരമാക്കാനും ധനമാനേജ്മെന്റ് മെച്ചപ്പെടുത്താനും കഴിഞ്ഞു. 17 ലക്ഷം വീടുകൾക്ക് വൈദ്യുതി കണക്ഷൻ കൊടുക്കാൻ സാധിച്ചു. പല നിയോജകമണ്ഡലങ്ങളും സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായിത്തീർന്നിരിക്കുകയാണ്. മെഡിക്കൽ കോളേജ് ആശുപത്രികൾ കൂടുതൽ കാര്യക്ഷമമാക്കാനും ആധുനിക ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്താനും സാധിച്ചു. 18 വയസ്സിന് താഴെയുള്ള കുട്ടികൾക്കുണ്ടാകുന്ന മാരക രോഗത്തിന് ചികിത്സാ സൗജന്യം നൽകുന്ന താലോലം പദ്ധതി പ്രശംസനീയമാണ്. അനുവദിച്ച തുക എല്ലാ മേഖലകളിലും ഫലപ്രദമായി ചെലവഴിക്കാൻ ഈ സർക്കാരിന് സാധിച്ചു.

ശ്രീ. കെ.ബാബു: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. നിയമസഭ പാസ്സാക്കുന്ന തുക ചെലവഴിക്കാൻ ത്രാണിയില്ലാത്ത ഗവൺമെന്റാണ് കേരളം ഭരിക്കുന്നത്. സംസ്ഥാനത്ത് നിരവധി ഉത്തേജക പാക്കേജുകൾ പ്രഖ്യാപിച്ചെങ്കിലും അതിന്റെയൊന്നും ഒരു പ്രതിഫലനവും കാണുന്നില്ല. സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിച്ചുവരുമ്പോഴും സാമ്പത്തികനില ഭദ്രമാണെന്ന അവകാശവാദമാണ് മന്ത്രി ഉന്നയിക്കുന്നത്. പദ്ധതി വിഹിതം ചെലവാക്കുന്നതിൽ സംഭവിച്ച വീഴ്ചകൊണ്ടാണ് കടത്തിന്റെ ശതമാനത്തിൽ കുറവ് സംഭവിച്ചിട്ടുള്ളത്. ഒരു ഭാഗത്ത് ധനകാര്യ കമ്മീഷനേയും മറുഭാഗത്ത് പൊതുകടം കുറയ്ക്കണം എന്നതിനേയും വിമർശിക്കുകയാണ് ധനകാര്യ വകുപ്പുമന്ത്രി ചെയ്യുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ ഉണ്ണായി വാരിയർ സ്മാരക കലാനിലയത്തിന്റെ പ്രശ്നം സംബന്ധിച്ച് പഠിക്കുന്നതിനായി കടമ്മനിട്ട രാമകൃഷ്ണൻ ചെയർമാനായി കമ്മിറ്റിയെ നിയോഗിക്കുകയും അവിടുത്തെ അധ്യാപകർക്ക് പ്രൈമറി സ്കൂൾ അധ്യാപകരുടെ ശമ്പളസ്കെയിൽ നിശ്ചയിക്കുകയും അതിനുവേണ്ടി എട്ട് ലക്ഷം രൂപ നീക്കിവയ്ക്കുകയും ചെയ്തത് എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോഴാണ്. പിന്നീട് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ കൂടുതലായി ഒരു പൈസ പോലും ഇതിനായി വകയിരുത്തിയില്ല. ഈ ഗവൺമെന്റ് അധികാര ത്തിൽ വന്നതിനുശേഷം കുടിശ്ശിക തീർത്ത് 23 ലക്ഷം രൂപ പ്രസ്തുത സ്ഥാപ നത്തിന് അനുവദിക്കുകയും ഗ്രാന്റായി നൽകിയിരുന്ന എട്ട് ലക്ഷം രൂപ പത്ത് ലക്ഷം രൂപയാക്കി ഉയർത്തികൊണ്ട് ആവർത്തന ചെലവാക്കി മാറ്റാനും തീരു മാനിച്ചിരിക്കുകയാണ്. ഡാമിൽനിന്നും മണലെടുത്ത് വിൽക്കുന്നതിലൂടെ ലഭിക്കുന്ന വരുമാനം വിവിധ ക്ഷേമാനുകൂല്യങ്ങളുടെ വിതരണത്തിനും പാവ പ്പെട്ട ആളുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനും വേണ്ടി ഉപയോ ഗിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ആയിരം കോടി രൂപയുടെ അധിക ക്ഷേമ ചെലവാണ് പ്രതീക്ഷിക്കുന്നത്. കടം വാങ്ങിക്കാതെ വരുമാനമുണ്ടാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. വി. രാമചന്ദ്രൻ കമ്മിറ്റി റിപ്പോർട്ടിൽ വികസന പ്രോജ ക്ടുകൾ നടപ്പിലാക്കുന്നതിൽ വരുന്ന കാലതാമസം ഒഴിവാക്കുന്നതിന് മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങൾ പരിശോധിച്ച് അത് നടപ്പിലാക്കുന്നതിന് ശ്രമിക്കുന്നതാണ്. നിയമസഭാംഗങ്ങൾ എഴുതിത്തരുന്ന മുറയ്ക്ക് പ്രതിപക്ഷ നേതാവുമായി കൂടിയോലോചിച്ച് റോഡുകളുടെ മെയിന്റനൻസിനുവേണ്ടി എം.എൽ.എ. ഫണ്ട് ഉപയോഗപ്പെടുത്തുന്ന കാര്യം തീരുമാനിക്കാവുന്നതാണ്.

റോഡ് മെയിന്റനൻസിനുവേണ്ടി പ്രത്യേകം പരിപാടി തയ്യാറാക്കിയിട്ടുമുണ്ട്. ട്രഷറി ഡെപ്പോസിറ്റ് വർദ്ധിപ്പിച്ച് അധിക പ്രോജക്ടുകൾ അനുവദിക്കുമെന്ന പ്രഖ്യാപനത്തെ പ്രതിപക്ഷം ആക്ഷേപിക്കുന്നത് ശരിയായ നടപടിയല്ല. സാധാരണഗതിയിലുണ്ടാകാറുള്ള നിർമ്മാണ പ്രവൃത്തികൾ ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലും ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ വർഷം അയ്യായിരം കോടി രൂപയുടെ പ്രവൃത്തികൾക്കുള്ള ഭരണാനുമതി നൽകി. കൂടുതൽ വികസന പ്രോജക്ടുകൾ നടപ്പിലാക്കണമെന്ന ആവശ്യം ഉയർന്നുവന്നപ്പോൾ പബ്ലിക് മണി കളക്ട് ചെയ്ത് എല്ലാവരുടേയും സഹകരണത്തോടെ ചെയ്യണമെന്ന നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. നാഷണൽ സേവിംഗ്സ് സ്കീം നടപ്പിലാക്കിയപ്പോൾ ലഭിച്ച അഡീഷണൽ ഫണ്ട് അതാത് പ്രദേശത്തെ വികസന പദ്ധതികൾക്ക് നീക്കിവയ്ക്കുന്ന കൺസെപ്റ്റ് പിന്തുടരാനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിലെ ബാങ്കുകളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള കോടിക്കണക്കിന് രൂപയുടെ ചെറിയൊരു ശതമാനം റോഡ്, പാലം തുടങ്ങിയ പണികൾക്കുവേണ്ടി എടുക്കണമെന്ന നിർദ്ദേശം പരിഗണിക്കുന്നതാണ്. ഇത്തരത്തിൽ ഡെപ്പോസിറ്റ് ചെയ്യുന്ന തുകയുടെ നൂറ് ശതമാനവും വികസനാവശ്യത്തിനായി നീക്കിവയ്ക്കുന്നതാണ്. സംസ്ഥാനത്ത് ആയിരം കോടി രൂപ അഡീഷണൽ റവന്യൂ വരുമാനത്തിനുള്ള സ്രോതസ്സ് തുറന്നിട്ടുകൊണ്ടാണ് ഇങ്ങനെ ചെയ്യുന്നത്. വിഷു, ഈസ്റ്റർ എന്നിവ പ്രമാണിച്ച് ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം 22, 23, 24 തീയതികളിൽ വിതരണം ചെയ്യുന്നതാണ്. കുടുംബശ്രീക്കു നൽകുന്നതു പോലെ ധനശ്രീ, ജനശ്രീ തുടങ്ങിയ ഏജൻസികൾക്ക് അഞ്ച് ശതമാനം പലിശ സബ്സിഡി കൊടുക്കുന്ന കാര്യം പരിഗണനയിലില്ല. സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിൽ ഡെവലപ്മെന്റ് എക്സ്പെന്റീച്ചറിനുവേണ്ടി

ചെലവഴിക്കുന്ന തുകയിൽ വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ മുന്നോട്ടുള്ള പ്രയാണം ശരിയായ ദിശയിലേയ്ക്കാണെന്ന് കാണാൻ കഴിയും. പണം ചെലവാക്കാത്തതുകൊണ്ടാണ് കടത്തിന്റെ ശത മാനം കുറയുന്നതെന്ന ആരോപണവും വസ്തുതയ്ക്ക് നിരക്കാത്തതാണ്. പദ്ധതി പണമല്ല ചെലവാക്കാതെ വരുന്നത്. പദ്ധതിയേതര മതിപ്പ് തുക കണ ക്കാക്കുന്നതിൽ യാഥാർത്ഥ്യത്തോട് നിരക്കാത്ത കണക്ക് കൂടുതലായി വരു ന്നുണ്ട്. ഈ സാമ്പത്തിക വർഷം അധികമായി പെൻഷൻ നൽകേണ്ടതില്ലെ ങ്കിലും പഴയ രീതിയിൽ പെൻഷൻ കൊടുക്കേണ്ടിവരുന്നതിന് ആവശ്യമായി വരുന്ന തുക കണക്കാക്കുമ്പോൾ അതിനനുസൃതമായി വരുന്ന മിച്ചം ഉണ്ടാകും. ഇത്തരം കാര്യങ്ങൾ സംബന്ധിച്ച അപാകതകൾ പരിശോധിച്ച് തിരുത്തേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിലും വർദ്ധ നവ് രേഖപ്പെടുത്തിയിട്ടുള്ളതുകൊണ്ടുതന്നെ കടഭാരത്താൽ ബുദ്ധിമുട്ടേണ്ടി വരില്ല എന്ന കാര്യത്തിൽ സംശയമില്ല. സംസ്ഥാനത്തിന്റെ കടം ആഭ്യന്തര വരുമാനത്തിന്റെ മൂന്ന് ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. ഇത്രയധികം ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയ വേറൊരു സർക്കാരുമില്ല. സാധാരണക്കാ രായ ജനങ്ങൾക്ക് രണ്ടു രൂപയ്ക്ക് അരി നൽകുന്നതിനും 300 രൂപ ക്ഷേമ പെൻഷൻ നൽകുന്നതിനും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടു ത്താനും തീരുമാനിച്ചു. മുൻ എൽ.ഡി.എഫ്. സർക്കാർ ഭക്ഷ്യസബ്സി ഡിക്കുവേണ്ടി 100 കോടി രൂപ നീക്കി വച്ചത് യു.ഡി.എഫ്. സർക്കാർ അധികാ രത്തിൽ വന്നപ്പോൾ പരിപൂർണ്ണമായി നിറുത്തലാക്കി. മുൻ സംസ്ഥാന സർക്കാരിന്റെ കാലത്ത് 21 ലക്ഷം പേരെയാണ് ബി.പി.എൽ. ലിസ്റ്റിൽ കേന്ദ്രം അംഗീകരിച്ചിരുന്നതെങ്കിൽ ഇപ്പോൾ 11 ലക്ഷം പേരായി ചുരുക്കുകയും അവർക്കുവേണ്ടി 35 കിലോ അരി മാത്രമേ നൽകുന്നുമുള്ളൂ. സംസ്ഥാന

സർക്കാർ ആ 35 കിലോ അരി 21 ലക്ഷം പേർക്കായി വീതിച്ചു നൽകുകയും ചെയ്തു. ധനവിനിയോഗ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2010-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

ധനകാര്യവകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): 2010-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : പ്രമേയത്തെ പിന്താങ്ങുന്നു.

2010-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം 29 നെതിരെ 64 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

**(ii)** 2008-ലെ കേരള വനം (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): സർ, 2008-ലെ കേരള വനം (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): സർ, 2008-ലെ കേരള വനം (ഭേദഗതി) ബിൽ ഭൂ നികുതിയും വനവും മൽസ്യ ബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

ബില്ലിലെ അപാകതകൾ

ശ്രീ. കെ.എം.മാണി: വനേതര പ്രദേശത്തുള്ള ചന്ദനം മുറിക്കുകയോ തടിയും തൈലവും കൈവശം വയ്ക്കുകയോ കൊണ്ടുപോകുകയോ ചെയ്യുന്നത് നിരോധിക്കുവാനാണ് കേരള ഫോറസ്റ്റ് ആക്ട് ഭേദഗതി ചെയ്തു കൊണ്ട് ഈ നിയമം കൊണ്ടുവരുന്നത്. നിലവിലുള്ള നിയമങ്ങൾ കൊണ്ടു തന്നെ ഇത് നിരോധിക്കാൻ കഴിയുന്നതാണ്. ബില്ലിന്റെ ഒബ്ജക്ട്സ് ആന്റ് റീസൺസിൽ പറയുന്നത് ചന്ദനമരം മുറിക്കുന്നവരെ ശിക്ഷിക്കാൻ നിയമമി ല്ലെന്നാണ്. പക്ഷേ നിലവിലുള്ള മൂന്ന് നിയമങ്ങളിലും വനേതര പ്രദേശ ത്തുള്ള ചന്ദനം മുറിക്കുന്നതിന് നിരോധനം ഉണ്ട്. അതുകൊണ്ട് പുതിയ നിയ മത്തിന്റെ ആവശ്യമില്ല. നമ്മുടെ സംസ്ഥാനത്തെ എസ്സൻഷ്യൽ ആർട്ടി ക്കിൾസ് ആക്ട് പ്രകാരം കേന്ദ്ര എസ്സൻഷ്യൽ കമ്മോഡിറ്റീസ് നിയമത്തിന കത്ത് വരാത്ത ഏത് സാധനവും പ്രസ്തുത നിയമ പ്രകാരം നോട്ടിഫൈ ചെയ്യാം. അതുകൊണ്ട് ഈ ഭേദഗതി നിയമത്തിന്റെ ആവശ്യമില്ല. 2008-ലെ കേരള വനം (ഭേദഗതി) ബിൽ സംബന്ധിച്ച ഭരണ ഘടനയുടെ 304 (ബി) ഖണ്ഡത്തിനുള്ള ക്ലിപ്ത നിബന്ധന പ്രകാരം പ്രസിഡന്റിന്റെ അനുമതി

അവസാന നിമിഷത്തിൽ ലഭ്യമാക്കിയത് ശരിയായ നടപടിയല്ല. ബില്ലിലെ 47 (എച്ച്)-ൽ പറയുന്നത് ഫോറസ്റ്റ് ആക്ട് 61 (എ) വകുപ്പനുസരിച്ച് വനേതര പ്രദേശത്തെ സ്വകാര്യ വ്യക്തികളുടെ ചന്ദനത്തടികൂടി കോൺഫിസ്ക്കേറ്റ് ചെയ്യുമെന്നാണ്. ഇത് ശരിയല്ല. ഫോറസ്റ്റ് ആക്ട് 61(എ) അനുസരിച്ച് സർക്കാർ പ്രോപ്പർട്ടി ആണെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഇതൊക്കെ അടിസ്ഥാനമില്ലാത്ത വ്യവസ്ഥകളാണ്. നടപടിക്രമങ്ങൾക്ക് വിരുദ്ധമായി സർക്കാർ ഈ ബിൽ കൊണ്ടുവന്നിരിക്കുന്നു അതുകൊണ്ട് ബില്ലിനെ ഒബ്ജക്ട് ചെയ്യുന്നു.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ബില്ലിലെ 47 (ബി)-ൽ ഉൾപ്പെടെ ഉപയോഗിക്കുന്ന മലയാളവാക്കുകൾ ലളിതവൽക്കരിക്കേണ്ടതാണ്. ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ 47 (ബി) ക്ലോസ്സിൽ 50 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നത് ഏതൊക്കെ ആവശ്യങ്ങൾക്കാണെന്ന് സ്പെസിഫിക്കായിട്ട് പറയണം. ഈ ആക്ടിൽ എവിടേയും പ്രത്യേക തീയതിക്കുമുമ്പ് പുൽതൈലമോ ചന്ദനമുട്ടിയോ കൈവശമുള്ളവർ ഏൽപ്പിക്കണമെന്ന് പറയാത്തിടത്തോളം കാലം എപ്പോൾ വേണമെങ്കിലും ഏൽപിക്കാം. അതുകൊണ്ട് റെക്കറിംഗ് എക്സ്പെൻഡിച്ചറും നോൺറെക്കറിംഗ് എക്സ്പെൻഡിച്ചറും സ്പെസിഫിക്കായി പറയണം. ധനകാര്യ മെമ്മോറാണ്ടത്തിൽ ആവശ്യമായ കറക്ഷനുകൾ വരുത്തണം.

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. ബിനോയ് വിശ്വം)</u>: കേരളത്തിലെ വന സമ്പത്ത് സംരക്ഷിക്കാൻ പ്രത്യേകിച്ച് ദേശ സമ്പത്തായ ചന്ദനം സംരക്ഷിക്കാനുള്ള കർശനമായ നിർദ്ദേശങ്ങളും തീരുമാനങ്ങളും നടപ്പിലാക്കാൻ എല്ലാവരുടേയും പൂർണ്ണ പിന്തുണ ഉണ്ടാകണം. എസൻഷ്യൽ ആർട്ടിക്കിൾസ് ആക്ടിന്റെ വ്യവസ്ഥകൾകൊണ്ട് ചന്ദനമാഫിയയെ

തളയ്ക്കാമെന്ന വാദം സർക്കാരിന് അംഗീകരിക്കാൻ സാധിക്കില്ല. കേരള ഫോറസ്റ്റ് ആക്ടിന്റെ 61(എ) മുതൽ (എഫ്) വരെയുള്ള വകുപ്പുകൾ ആവശ്യമുള്ള മാറ്റങ്ങളോടെ ബാധകമാക്കേണ്ടതുണ്ട്. ബില്ലിൽ 47 (D) യിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് സഞ്ചിത നിധിയിൽ നിന്നും യാതൊരു തുകയും ചെലവു വരുന്നില്ല. ഈ നിയമ നിർവ്വഹണം തുടങ്ങുന്ന വർഷത്തേയ്ക്കാവശ്യമായ തുക വകകൊള്ളിച്ചിട്ടുണ്ട്. അടുത്ത വർഷത്തേയ്ക്കും തുക കൊടുക്കുന്നതിനുവേണ്ട സംവിധാനം ഉണ്ടാക്കുന്നതാണ്. അതും പ്രത്യേകം പറഞ്ഞിട്ടുണ്ട്. റെക്കറിംഗ്, നോൺറെക്കറിംഗായിട്ടുള്ള യാതൊരു ചെലവും ഉണ്ടാകുന്നില്ല. അതുകൊണ്ട് ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്നതിൽ യാതൊരു തെറ്റുമില്ല.

**റൂളിംഗ്**

<u>മി. സ്പീക്കർ:</u> ചെയർ ഇതു സംബന്ധിച്ച് പരിശോധിച്ചു. ശ്രീ. കെ. എം. മാണി ഉന്നയിച്ചയിച്ചിരിക്കുന്ന പ്രധാനപ്പെട്ട ഒരു കാര്യം ഈ ബില്ലിന് പ്രസിഡന്റിന്റെ അനുവാദം മുൻകൂട്ടി നേടേണ്ടതായിരുന്നു എന്നുള്ളതാണ്. അത് ശരിയാണ്. പ്രസിഡന്റിന്റെ അനുവാദം മുൻകൂട്ടി നേടിയിരുന്നു. അത് കൃത്യസമയത്ത് അറിയിക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ട്. വീഴ്ച മേലിൽ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണ്. ധനകാര്യ മെമ്മോറാണ്ടം തയ്യാറാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധകേന്ദ്രീകരിക്കുന്നില്ല എന്നുള്ളതാണ് ശ്രീ. ആര്യാടൻ മുഹമ്മദ് ഉന്നയിച്ചിരിക്കുന്ന ഒബ്ജക്ഷൻ. തീർച്ചയായും വേണ്ടത്ര ശ്രദ്ധയോടുകൂടിത്തന്നെയാണ് ധനകാര്യ മെമ്മോറാണ്ടം തയ്യാറാക്കേണ്ടത് എന്നുതന്നെയാണ് ചെയറിന്റെ അഭിപ്രായം. എന്തായാലും ഒബ്ജക്ഷൻ നിലനില്ക്കുന്നതല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 2008-ലെ കേരള വനം (ഭേദഗതി) ബിൽ പൊതു ജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പ്രസിഡന്റ് ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചതിനുശേഷം 2008-ലെ കേരള വനം (ഭേദഗതി) ബിൽ സഭയിൽ അവതരിപ്പിക്കുന്നതിന് അസാധാരണമായ കാലതാമസമാണുണ്ടായിരിക്കുന്നത്. 1961-ലെ കേരളാ ഫോറസ്റ്റ് ആക്ട് സെക്ഷൻ 27(3)-ൽ പറയുന്നതിന് വിരുദ്ധമായിട്ടുള്ള വ്യവസ്ഥകളാണ് ഈ ബില്ലിനകത്ത് പറഞ്ഞിരിക്കുന്നത്. ഈ നിയമത്തിലെ 47 ബി(2)-ൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥ നീക്കം ചെയ്യണം. വിലമതിക്കുവാൻ കഴിയാത്ത സമ്പത്താണ് മറയൂരിലെ ചന്ദന മരങ്ങൾ. അവയെ സംരക്ഷിക്കുന്നതിന് യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് ശ്ലാഘനീയമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഈ നിയമപ്രകാരം ഒരു കിലോ ചന്ദന മുട്ടിയും നൂറു ഗ്രാം ചന്ദന തൈലവുമാണ് കൈവശം വയ്ക്കാവുന്നത്. അതിൽക്കൂടുതൽ കൈവശം വയ്ക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ നിയമത്തിൽ വ്യവസ്ഥ വച്ചിരിക്കുന്നത് പ്രതികൂലമായി ബാധിക്കും. നിയമപരമായി ലഭ്യമാകുന്ന ചന്ദനത്തടി എന്തു ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥയുണ്ടാകണം. ചന്ദനമരം ലേലത്തിൽ പിടിക്കുന്ന വ്യക്തി ചന്ദനത്തിന്റെ ക്വാളിറ്റി മെച്ചപ്പെടുത്തി വാല്യൂ ആഡഡ് ആയ രൂപത്തിലേയ്ക്ക് പ്രോസസ് ചെയ്യുന്നതിന് ഗവൺമെന്റിന്റെ നേതൃത്വത്തിൽ ഒരു ഫാക്ടറി തുടങ്ങുന്നതിന് നടപടിയുണ്ടാകണം. ചന്ദനത്തിന്റെ കള്ളക്കടത്ത് ഒഴിവാക്കുന്നതിന് സൗത്ത് ഇന്ത്യയിലെ ഫോറസ്റ്റ് മിനിസ്റ്റേഴ്സിന്റെ ഒരു മീറ്റിംഗ് കേരളത്തിൽ വിളിച്ചുകൂട്ടിയത് സ്വാഗതാർഹമാണ്. ചന്ദന മരങ്ങൾക്കിടയിലുള്ള കഞ്ചാവ് കൃഷി ഇല്ലാതെയാ

ക്കുന്നതിന് ഗവൺമെന്റ് നടപടിയെടുക്കണം. വന പരിപാലനം ഭരണപക്ഷ പ്രതിപക്ഷ ഭേദമെന്യേ കേരള ജന സമൂഹത്തിന്റെ മൊത്തത്തിലുള്ള ആവശ്യ മായി കണക്കിലെടുത്ത് ഈ നിയമം തൃപ്തികരമായി നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം. കമ്പക്കല്ലിലും കടവരിയിലും ഏറ്റെടുത്ത ഭൂമി കുറിഞ്ഞി സാങ്ചറിയായി പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്. പിൽക്കാ ലത്ത് ഇത് ഒരു മരം മുറിക്കൽ നിയമമായി മാറാതിരിക്കാനാവശ്യമായ നടപടി യുണ്ടാകണം. 47(സി) വകുപ്പ് ശിക്ഷയെ കുറിച്ച് പറയുന്നുണ്ട്. ആദ്യത്തെ പ്രാവശ്യം കുറ്റം ചെയ്യുന്ന വ്യക്തിക്ക് ഒരു ലക്ഷം രൂപ പിഴയും രണ്ടാമതും കുറ്റം ചെയ്യുന്ന വ്യക്തിക്ക് 50,000 രൂപ പിഴയും ഈടാക്കുമെന്ന് പറഞ്ഞിരി ക്കുന്നത് പുന:പരിശോധിക്കണം. ചന്ദന തൈലം ഉണ്ടാക്കുന്ന വ്യക്തി കൾക്കുള്ള ശിക്ഷ വർദ്ധിപ്പിക്കണം. ഇന്ത്യയിലെ ചന്ദനത്തൈല നിർമ്മാണം കേരള ഗവൺമെന്റിന്റെ വകുപ്പാക്കി മാറ്റണം. പോരായ്മകൾ നികത്തി കേരള സംസ്ഥാനത്തിന്റെ പരിസ്ഥിതി സംരക്ഷണത്തിന്റെ ഒരു ഭാഗമായി ഈ നിയമത്തെ മാറ്റുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

ശ്രീ. എസ്. രാജേന്ദ്രൻ: 2008-ലെ കേരള വനം ഭേദഗതി ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്ത് വളരെയേറെ പ്രധാനപ്പെട്ട ബില്ലാണ് നിലവിൽ വരാൻ പോകുന്നത്. ചന്ദനമര ത്തിന് ഒരു വിശേഷപ്പെട്ട മരമെന്ന പരിഗണന നല്കണം. ധാരാളം ചന്ദനമര ങ്ങൾ കടത്തിക്കൊണ്ടു പോയിരുന്ന സാഹചര്യം കേരളത്തിൽ ഉണ്ടായിരുന്നു. അവരെ ശിക്ഷിക്കാനോ അവരുടെ പേരിൽ നടപടിയെടുക്കാനോ സാമൂഹ്യ പ്രതിബദ്ധതയുള്ള ആർക്കും കഴിഞ്ഞിരുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ മറയൂരിലെ ചന്ദന കൊള്ളയെ സംബന്ധിച്ച്

അന്നത്തെ പ്രതിപക്ഷ നേതാവ് സഭയ്ക്കകത്തും പുറത്തും നടത്തിയ തീക്ഷ്ണമായ സമരത്തിന്റെ ഫലമായി അന്നത്തെ ഭരണപക്ഷം ചില നടപടികൾ എടുത്തിരുന്നു. ഇവിടെ നിയമങ്ങൾ ഉണ്ടെങ്കിലും എക്കാലത്തും പ്രമാണിമാർക്ക് മാത്രമാണ് നീതി ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത്. ചന്ദന കള്ളക്കടത്തിന്റെ പേരിൽ മറയൂർ, പാലക്കാട്, അട്ടപ്പാടി എന്നീ പ്രദേശങ്ങളിൽ ജീവിക്കുന്ന പാവപ്പെട്ട ആളുകളെ പ്രതിയാക്കി ജയിൽ ശിക്ഷവരെ അനുഭവിക്കേണ്ട സാഹചര്യങ്ങളിൽ എത്തിക്കുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. സാധാരണക്കാരനെ സംരക്ഷിക്കുന്നതിന് സഹായകരമായ ഒരു നിയമം കൊണ്ടുവരേണ്ടത് അനിവാര്യമാണ്. സെക്ഷൻ 4-ൽ 3-മത്തെ പാരഗ്രാഫിൽ ചന്ദന മരം ഉണങ്ങിപ്പോകുകയോ അല്ലെങ്കിൽ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അനുവാദം ലഭിച്ചതോ ആയ ചന്ദന മരത്തിന്റെ ഉടമസ്ഥൻ രേഖാമൂലം അപേക്ഷിച്ചിരിക്കുന്നിടത്ത് പ്രാധികാരം ചെയ്യപ്പെട്ട ഉദ്യോഗസ്ഥന് നിർണ്ണയിക്കപ്പെട്ടിരിക്കുന്ന അങ്ങനെയുള്ള മരം മുറിക്കുകയും വിൽക്കുകയും ചെയ്യുന്നത് സമയബന്ധിതമാക്കണമെന്ന ഒരു നിർദ്ദേശം വയ്ക്കുകയാണ്. അപേക്ഷ കിട്ടിക്കഴിഞ്ഞ് അഞ്ചോ ഏഴോ ദിവസത്തിനുള്ളിൽ അനന്തര നടപടികൾ സ്വീകരിക്കുകയാണെങ്കിൽ ചന്ദനമരം കടത്തിക്കൊണ്ട് പോകുന്നത് തടയാനും അവയെ സംരക്ഷിക്കാനും കഴിയും. ചന്ദനം കടത്തുന്ന വാഹനങ്ങളേയും പ്രതികളേയും പിടികൂടി കേസ്സെടുത്ത് മാതൃകാപരമായ ശിക്ഷാ നടപടികൾ സ്വീകരിച്ചാലേ നിയമത്തിന് പിൻബലമുണ്ടാകുകയുള്ളൂ. ചന്ദനം കൈവശം വയ്ക്കാനുള്ള അവകാശത്തെ സംബന്ധിച്ച് 47 (ഡി)-ൽ പറയുന്നുണ്ട്. ചന്ദനത്തടിയുടെ കൈവശം വയ്ക്കൽ, വ്യാപാരം എന്നിവയെ സംബന്ധിച്ച് യാതൊരു നിയന്ത്രണങ്ങളും ഇല്ല. അതിനാൽ ചന്ദന മരത്തിന്റെ കള്ളക്കടത്തും സംഭരണവും കടത്തും സംബന്ധിച്ച കുറ്റങ്ങൾക്ക് കഠിന ശിക്ഷ നൽകണമെന്ന

വ്യവസ്ഥകൂടി കൂട്ടിച്ചേർത്തുകൊണ്ട് കേരള വനം ആക്ട് ഭേദഗതി ചെയ്യേണ്ടതാവശ്യമാണ്. ഏജന്റ് പണി ചെയ്യുന്ന ആളുകളെ കൃത്യമായി ഈ നിയമത്തിന് മുന്നിലെത്തിച്ചാൽ പരമാവധി മോഷണം ഇല്ലാതാക്കാൻ കഴിയും. ചന്ദനമരം വച്ചുപിടിപ്പിക്കുകയും അവയ്ക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുകയും വായ്പ നൽകുകയും അവരെ ബോധവാൻമാരാക്കുകയും നിയന്ത്രണം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഏറ്റെടുക്കുകയും ചെയ്താൽ ചന്ദനമരങ്ങൾ മുറിച്ച് കൊടുക്കുന്നതിൽനിന്നും ചന്ദന കള്ളക്കടത്ത് നടത്തുന്നതിൽനിന്നും കഞ്ചാവ് കൃഷിയിൽനിന്നും ഇവരെ വിമുക്തരാക്കാൻ കഴിയും. ചന്ദനം വിൽക്കുന്ന ജോലിക്ക് കുറേ ആദിവാസികൾക്ക് ഇപ്പോൾ ഡിപ്പോയിൽ ജോലി നൽകുന്നുണ്ട്. ഇതിനുപുറമെ ചെറുകിട വ്യവസായ യൂണിറ്റടിസ്ഥാനത്തിൽ സോപ്പ്, തിരി തുടങ്ങിയ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് ഗ്രാമവാസികൾക്ക് കൂടുതൽ തൊഴിലവസരമുണ്ടാക്കണം. നീലക്കുറിഞ്ഞി സോണിനെ സംബന്ധിച്ചിടത്തോളം ഇതേവരെ അതിർത്തി തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ കഴിയുന്നതും വേഗം ലേലം ചെയ്യാനുള്ള നടപടി സ്വീകരിക്കണം. കമ്പക്കൽ പ്രദേശത്തെ കഞ്ചാവ് കൃഷി ഒഴിവാക്കപ്പെടേണ്ടതാണ്.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. ബിനോയ് വിശ്വം):</u> ഇവിടെ നടന്ന ചർച്ചയിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ചന്ദനമരം സംരക്ഷിക്കുന്ന കാര്യത്തിൽ പൊതുവേ പ്രകടമായ അഭിപ്രായ ഐക്യം സമൂഹത്തിന്റെ കൂടി ഐക്യമായി കാണുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന വർഷത്തിൽ ചന്ദനമരം സംരക്ഷിക്കുന്നതിന് കുറേ നല്ല സ്റ്റെപ്സ് എടുത്തിരുന്നു. അതിനെ ഞങ്ങൾ അംഗീകരിക്കുന്നു. ചന്ദനക്കൊള്ളയുടെ

അളവിൽ 2005-ൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. 2004-ലെ കോടതിവിധി പ്രകാരവും പൊതു വിചാരണയുടെ വെളിച്ചത്തിലും ചന്ദന തൈലം ഉൽപാദിപ്പിക്കുന്ന കമ്പനികൾ അടച്ചു പൂട്ടിയതോടുകൂടിയാണ് ചന്ദന മോഷണം കുറഞ്ഞത്. മറയൂരിൽനിന്ന് മാത്രം 2004-ൽ 2660 ഉം 2005-ൽ 2496-ഉം 2006 -ൽ 109 ഉം മരങ്ങൾ നഷ്ടപ്പെട്ടു. എന്നാൽ 2007-ൽ 61-ഉം 2008-ൽ 56-ഉം 2009-ൽ 51-ഉം മരങ്ങൾ മാത്രമാണ് നഷ്ടപ്പെട്ടത്. ചന്ദനക്കൊള്ള തടയുന്നത് ശക്തവും ഫലപ്രദവുമാക്കാൻ വേണ്ടി കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിൽ സബ്ജക്ട് കമ്മിറ്റി ചർച്ചാ വേളയിൽ മുന്നോട്ടു വയ്ക്കപ്പെടുന്ന നല്ല നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്താൻ തയ്യാറാണ്. ഒരു കാലത്ത് കഞ്ചാവിന്റെ തലസ്ഥാനമായിരുന്ന കമ്പക്കല്ല് മേഖലയിലെ ഭൂമി യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് വനംവകുപ്പിനെ ഏൽപിച്ചുകൊണ്ടുള്ള ഉത്തരവിറക്കിയത്. നീലക്കുറിഞ്ഞി മേഖലയിലെ സാങ്ചറിയെ സംബന്ധിച്ച നോട്ടിഫിക്കേഷൻ വരുന്നതോടെ അവിടത്തെ കൃഷിക്കാരുടെ പ്രതികൂല അവസ്ഥകളെല്ലാം മാറ്റിയെടുക്കാൻ സാധിക്കും. അതോടൊപ്പം അവിടെയുള്ള കഞ്ചാവ് ലോബിയെ തടയുന്നതിന് ജനപ്രതിനിധികളുടേയും രാഷ്ട്രീയ നേതാക്കളുടെയും നിർദ്ദേശം പരിഗണിക്കാനും ഗവൺമെന്റ് സന്നദ്ധമാണ്. മറയൂരിലെ വനം വകുപ്പുദ്യോഗസ്ഥരുടെ അടിസ്ഥാന ശമ്പളത്തിൽ 15 ശതമാനം വർദ്ധനവ് വരുത്തുകയും റേഷൻ, ക്വാർട്ടേഴ്സ് എന്നിവ അനുവദിക്കുകയുമുണ്ടായി. മറയൂരിൽ ഒരു കൊല്ലം ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെ പിന്നീട് അവർ ആവശ്യപ്പെടുന്ന ഡിവിഷനിലേയ്ക്ക് സ്ഥലം മാറ്റം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ടാറ്റായുടെ കെട്ടിടത്തിൽ വനം വകുപ്പിന്റെ ഗസ്റ്റ്ഹൗസ് പ്രവർത്തിക്കുന്നുണ്ടെങ്കിൽ 24 മണിക്കൂറിനുള്ളിൽ അത് ഒഴിവാക്കിയിരിക്കും. മറയൂരിലെ ചന്ദനക്കൊള്ള തടയുന്നതിനും ചന്ദനമാഫിയയെ തളയ്ക്കുന്ന

തിനും കേരളത്തിലെ പാരിസ്ഥിതിക പ്രവർത്തകരും പ്രസ്ഥാനങ്ങളും വലിയ പങ്കാണ് വഹിച്ചത്. ചന്ദനക്കൊള്ള തടയുന്നതിന് ഇനിയും എല്ലാ വിഭാഗം ജനങ്ങളുടേയും നിർദ്ദേശങ്ങൾ കേൾക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ഭേദഗതികൾ സഭ നിരാകരിച്ചു.

2008-ലെ കേരള വനം (ഭേദഗതി) ബിൽ ഭൂ നികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സഭ വൈകുന്നേരം 4.07-ന് പിരിഞ്ഞു.

............................